പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 3 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ജൂൺ 2014

മിഷൻ 676

കേരളം കുതിക്കുന്നു ലോകത്തോടൊപ്പം

കാൻസർ സുരക്ഷാ പദ്ധതി എന്ത്? എന്തിന്?

സ്ത്രീ ശിശു സൗഹൃദ കേരളത്തിന് മുന്നൊരുക്കം – ക്രൈം മാപ്പിംഗ്

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

ജൂൺ 2014

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 676 ദിനങ്ങൾ
978 ജനപക്ഷ പഞ്ചായത്തുകൾ
ഡോ. എം.കെ. മുനീർ

8 കാൻസർ സുരക്ഷാ പദ്ധതി എന്ത്? എന്തിന്?
സുരേന്ദ്രൻ ചുനക്കര

11 പള്ളിക്കൂടങ്ങളിലേക്ക് വീണ്ടും
അജയൻ പനയറ

14 5'S' : ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള കാൽവയ്പ്
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

17 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 ഗ്രാമപഞ്ചായത്തുകൾ ഉയർന്ന ജനസംഖ്യ: പുനഃസംവിധാനം അനിവാര്യം
ഡോ. സി. പ്രദീപ്

25 മഴക്കാലത്ത് നശിക്കുന്ന മത്സ്യവർഗ്ഗങ്ങൾ
ബിന്ദുരാജ് എം.എ.

28 നല്ല പരിസരത്തിനായി യത്നിക്കാം
വിനു എ.

31 റോഡു സുരക്ഷിതത്വ മുൻഗണന ഇന്ത്യയിൽ
അൽകേഷ് ത്യാഗി

35 രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അവാർഡ്

38 സ്ത്രീകൾക്ക് സംരക്ഷണ കവചം ക്രൈം മാപ്പിംഗ്
ടി. ഷാഹുൽ ഹമീദ്

മിഷൻ 676

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഫയൽ അദാലത്ത്

കേരള സർക്കാർ നടപ്പിലാക്കി വരുന്ന മിഷൻ 676ന്റെ ഭാഗമായുള്ള "ഫയൽ തീർപ്പാക്കൽ അദാലത്ത് പഞ്ചായത്ത് ഡയറക്ടറേറ്റിൽ മേയ് 20, 21 തീയതികളിലായി നടന്നു. ആദ്യദിവസം കാസർകോട് മുതൽ തൃശൂർ വരെയുള്ള ഏഴ് ജില്ലകളും രണ്ടാം ദിവസം എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള 7 ജില്ലകളിലെയും അദാലത്താണ് നടന്നത്. ഫയൽ തീർപ്പാക്കൽ അദാലത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 20-ാം തീയതി രാവിലെ 11 മണിക്ക് പഞ്ചായത്തു ഡയറക്ടർ ഇൻ ചാർജ് എ.സെയിദ് നിർവ്വഹിച്ചു. പി & എ.ആർ.ഡി ജോയിന്റ് സെക്രട്ടറി, പഞ്ചായത്തു വകുപ്പിലെ ജോയിന്റ് ഡയറക്ടർ സി.എൻ.ബാബു എന്നിവരുടെ മേൽനോട്ടത്തിലാണ് അദാലത്ത് നടന്നത്. എല്ലാ ഡിഡിപിമാരും

ബന്ധപ്പെട്ട ജീവനക്കാരും പെൻഡിംഗ് ഫയലുകളുടെ റിപ്പോർട്ടുമായി ഹാജരായി ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ ഓരോ ഫയലുകളും പരിശോധിച്ചു തൽസമയം തന്നെ തീർപ്പാക്കുന്ന രീതിയിലായിരുന്നു അദാലത്ത് നടന്നത്. രണ്ടു ദിവസത്തെ ഫയൽ തീർപ്പാക്കൽ അദാലത്തിലൂടെ പഞ്ചായത്തു വകുപ്പിൽ കുടിശ്ശികയായി കിടന്ന ആയിരത്തിലധികം ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞു. അടുത്ത അദാലത്ത് ജൂൺ 19, 20, 21 തീയതികളിലായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

14-ാം ധനകാര്യകമ്മീഷന് കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ മെമ്മോറാണ്ടം സമർപ്പിച്ചു.

കേന്ദ്ര ധനകാര്യ കമ്മിഷന്റെ കേരള സന്ദർശനവേളയിൽ കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ക്രിയാത്മകമായ നിർദ്ദേശങ്ങളടങ്ങിയ മെമ്മോറാം സമർപ്പിച്ചു. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ, ഡിപ്പാർട്ട്മെന്റ് ഓഫ് ഡെവലപ്മെന്റ് എക്കണോമിക്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഷഹീന, കേരളത്തിലെ നാലാം ധനകാര്യ കമ്മീഷൻ ചെയർമാനായിരുന്ന പ്രൊഫസർ എം. എ ഉമ്മൻ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെ വിദഗ്ധർ തുടങ്ങിയ പ്രഗത്ഭർ തയ്യാറാക്കിയ സമഗ്ര മെമ്മോറാണ്ടമാണ് 2013 ഡിസംബർ 18 ന് തിരുവനന്തപുരത്തെ തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന കമ്മീഷൻ

സിറ്റിങ്ങിൽ കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷനെ പ്രതിനിധീകരിച്ച് ജനറൽസെക്രട്ടറി സൂപ്പിനരിക്കാട്ടേരി കമ്മീഷൻ ചെയർമാന് സമർപ്പിച്ചത്. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ഇ. പ്രദീപ്, കല്ലടി അബൂബക്കർ, തൃശൂർ ജില്ലാ അസോസിയേഷൻ പ്രസിഡന്റായ അജിത്ത് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു മെമ്മോറാണ്ട സമർപ്പണം നടന്നത്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2014 | പുസ്തകം 54 | ലക്കം 3 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

എ. സെയിദ്

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം

e-mail: prodp12@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

aadhigraphics@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ മുഖ്യവരുമാന സ്രോതസ്സാണ് കെട്ടിടക്കരം അഥവാ വസ്തുനികുതി. മുമ്പ് ഓരോ അഞ്ച് വർഷം കൂടുമ്പോഴും വസ്തു നികുതി പരിഷ്കരിക്കുകയും അതുവഴി ഗ്രാമപഞ്ചായത്തുകളുടെ വരുമാന വർദ്ധനവ് സാധ്യമാകുകയും ചെയ്തിരുന്നു. എന്നാൽ പല കാരണങ്ങളാൽ 1993നു ശേഷം ഇത്തരം ഒരു പരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനിടയിക്ക് പലപ്പോഴായി നികുതി പരിഷ്കരണ നടപടികൾ നടന്നെങ്കിലും പല പ്രതിബന്ധങ്ങൾ കാരണം അവയൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി പരിഷ്കരണം യാഥാർത്ഥ്യമായി കഴിഞ്ഞു. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ 100% നികുതിയും പുതിയ നിരക്കിൽ പിരിച്ചെടുത്ത് മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകയായി. അത്തരം ഗ്രാമപഞ്ചായത്തുകളെ അഭിനന്ദിക്കുന്നു.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം ഭൂരിഭാഗം പഞ്ചായത്തുകളും പൂർത്തീകരിച്ചതായിട്ടാണ് മനസ്സിലാകുന്നത്. അവയെല്ലാം കമ്പ്യൂട്ടറിൽ എൻട്രി വരുത്തി ഡിമാന്റ് നോട്ടീസ് നൽകൽ എന്ന പ്രവൃത്തികളാണ് ഇനി ശേഷിക്കുന്നത്. ഈ പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർത്ത് 2014-15ലെ നികുതിയോടൊപ്പം 2013-14ലെ നികുതി കൂടി പുതിയ നിരക്കിൽ പിരിച്ചെടുക്കാൻ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധ നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ കാര്യമായ വർദ്ധനവ് വരാൻ സാധിക്കുന്ന ഇത്തരം നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിൽ ജീവനക്കാരിൽ നിന്നും ഉണ്ടാകുന്ന വീഴ്ച ഗുരുതരമായി കാണുന്നതാണ്.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി തീരാൻ ഇനി ഒരു വർഷവും ഏതാനും മാസങ്ങളുമാണ് ശേഷിക്കുന്നത്. ഇലക്ഷൻ പ്രക്രിയയിലേയ്ക്ക് കടന്നു കഴിഞ്ഞാൽ നികുതി പരിഷ്കരണം നടപ്പിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. ജനപ്രതിനിധികളുടെ സഹകരണം നമുക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടാകില്ല. ആകയാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഈ വിഷയം ഗൗരവമായി കണ്ട് ജനപ്രതിനിധികളുടെ സഹകരണത്തോടെ സമയബന്ധിതമായി വസ്തുനികുതി പരിഷ്കരണം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തു ലഭിക്കേണ്ട നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ തയ്യാറാകേണ്ടതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ വികസനാവശ്യത്തിന് കൂടുതൽ വിഭവം സമാഹരിക്കാൻ കഴിയും. ആകയാൽ എല്ലാ ജീവനക്കാരും ഈ വിഷയത്തിൽ കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിച്ച് 2015-ലെ പഞ്ചായത്ത് ഇലക്ഷനുമായി 100% വസ്തു നികുതിയും പരിഷ്കരിച്ച നിരക്കിൽ പിരിച്ചെടുക്കേണ്ടതാണ്.

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുകൾ പ്രഖ്യാപിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ 676 ദിനപദ്ധതികൾ ഏറെ പ്രതീക്ഷകൾ ഉണർത്തിക്കഴിഞ്ഞു. യാഥാർത്ഥ്യബോധത്തോടെ രൂപപ്പെടുത്തിയ ഇവയുടെ നടത്തിപ്പ് ജനകീയമായിരിക്കണം എന്ന നിഷ്കർഷയുണ്ട്. ഗ്രാമപഞ്ചായത്തുകൾ ജനപക്ഷത്ത് കൂടുതൽ ശക്തമായി നിലയുറപ്പിക്കാനും തദ്ദേശ സ്വയംഭരണ സേവനം സന്തുലിതമായി എല്ലാ വിഭാഗം ജനതയ്ക്കും ലഭ്യമാകാനും തക്കവിധത്തിലാണ് ഈ പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്. ഇവയുടെ നിർവഹണ പുരോഗതി ഉദ്യോഗാസ്ഥാനുദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും വിലയിരുത്തപ്പെടും എന്ന പ്രത്യേകത കൂടിയുണ്ട്. കേരള വികസന ചരിത്രത്തിൽ അവിസ്മരണീയ മുദ്രകൾ ചാർത്തുന്ന ഒരു ഘട്ടത്തിന്റെ സാക്ഷാത്കാരത്തിനായി നമ്മുടെ ഗ്രാമപഞ്ചായത്തുകൾ മുൻനിരയിൽ എത്തുകയാണ്.

978 ഗ്രാമപഞ്ചായത്തുകളും പ്രവർത്തന - സേവന മേഖലകളിൽ മികവും പൊലിമയും പുലർത്തണം. എങ്കിൽ മാത്രമേ അവ സമ്പൂർണ്ണമായി ജനങ്ങൾക്കൊപ്പം എന്ന് പറയാനാവൂ. ഇവയ്ക്ക് സമ്പൂർണ്ണ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുകയെന്ന ദൗത്യം നമ്മൾ ഏറ്റെടുത്തിരിക്കുന്നു. ഇതിന്റെ ഭാഗമാണ് വെബ് അധിഷ്ഠിതസേവനങ്ങൾ വികസിപ്പിക്കുക എന്നത്. പ്ളിന്ത് ഏരിയ അടിസ്ഥാനമാക്കിയ നികുതി സംവിധാനം, തൊഴിൽക്കരം, ഡി ആൻഡ് ഒ ലൈസൻസുകൾ, സിനിമാശാലകളിൽ നിന്നുള്ള വിനോദ നികുതി, യൂട്ടിലിറ്റി സർവീസുകൾ, ടാബ്ലറ്റ് പിസി ഉപയോഗിച്ച് വീടുവീടാന്തരം എത്തിയുള്ള

676 ദിനങ്ങൾ 978 ജനപക്ഷ പഞ്ചായത്തുകൾ

നികുതി പിരിവ്, എം ഗവേർണൻസ് എന്നിവയൊക്കെ 676 ദിന പദ്ധതികളുടെ ഭാഗമാണ്. ഇതിനൊക്കെ പുറമേയാണ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കാണുവാനും പരിശോധിക്കുവാനും ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള സംവിധാനം. പഞ്ചായത്ത് കണക്കുകൾ പ്രത്യക്ഷമായി സുതാര്യമാവുകയും പരോക്ഷമായി സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാവുകയുമാണ്. പഞ്ചായത്ത് നിർവഹണ സംവിധാനത്തിന്റെ അക്കൗണ്ടബിലിറ്റി യാഥാർത്ഥ്യമാകുന്നു എന്ന സവിശേഷത ഇതിനുണ്ട്. 'കില' സർവകലാശാലാ പദവിയിലേക്ക് ഉയർത്തപ്പെടുന്നതോടെ പ്രാദേശിക ഭരണ സംവിധാനം സംബന്ധിച്ച് ഒരു ഗവേഷണ - പഠന - പരിശീലന സ്ഥാപനമായി അത് മാറുകയാണ്.

ശുചിത്വമിഷൻ മാലിന്യ സംസ്കരണരംഗത്ത് വിപുലമായ പദ്ധതികൾ നടപ്പാക്കുവാൻ തീരുമാനമെടുത്തുകഴിഞ്ഞു. ഖരമാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കും. അറവുശാലകൾ, ശുചിത്വഗ്രാമം, ശ്മശാനം (ഗ്യാസ്) ഉറവിട മാലിന്യ സംസ്കരണം എന്നിവയിൽ നൂതനമായ മാതൃകാപദ്ധതികളാണ് മിഷൻ പ്രഖ്യാപിച്ചിട്ടുള്ളത്.

ആശ്രയ പ്ലസ്, പഞ്ചായത്ത് തോറും ബഡ്സ് സ്കൂൾ, മാതൃകാ പഞ്ചായത്തുകൾ, ജൈവവളം, ജൈവകീടനാശിനി, തേർഡ് ജൻഡർ സർവേ, മാനസിക പ്രശ്നമുള്ള വ്യക്തികൾക്ക് ചികിത്സയും കൗൺസിലിംഗും എന്നിങ്ങനെ ഒട്ടുമിക്ക സേവന മേഖലകളിലും പുതിയ ഒരു ഉൾക്കാഴ്ചയോടെ സജീവമായ പ്രവർത്തനങ്ങളായിരിക്കും ഗ്രാമപഞ്ചായത്തുകൾ കാഴ്ചവയ്ക്കുക.

പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ ശ്ലാഘിക്കപ്പെട്ട കുടുംബശ്രീ പ്രവർത്തനം തരിശു നിലങ്ങളിലെ പച്ചക്കറിക്കൃഷി ത്രികക്ഷി കരാറിലൂടെ വ്യാപകമാക്കുകയാണ്. ഭൂവുടമ, പഞ്ചായത്ത്, കുടുംബശ്രീ എന്നിവയാണ് കക്ഷികൾ. കേരളത്തെ ജൈവ പച്ചക്കറി പര്യാപ്തതയിലേക്ക് നയിക്കുന്ന ഒരു സ്വപ്ന പദ്ധതിയാണ്. നെൽവയൽ, നീർത്തട സംരക്ഷണ നിയമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് തികച്ചും പരിസ്ഥിതി സൗഹൃദവും ജലസ്രോതസ്സുകൾ അന്യൂനമാക്കുന്നതുമായ ഈ പദ്ധതിയിലൂടെ കേരള ജനതയുടെ ആരോഗ്യ - പോഷണ പരിപാലനത്തിലും കുടുംബശ്രീ സജീവ സാന്നിദ്ധ്യമാവുകയാണ്. ഒപ്പം തന്നെ 40 ലക്ഷം കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് മുതിർന്ന പ്രായത്തിലെ ജീവിതം സുരക്ഷിതമാക്കുന്ന പെൻഷൻ പദ്ധതിയും യാഥാർത്ഥ്യമാവുന്നു എന്നത് ഏതൊരു ഗവൺമെന്റിനും അഭിമാനവും ചാരിതാർത്ഥ്യവും പകരുന്നതാണ്. കുടുംബശ്രീ നടത്തിയ ക്രൈംമാപ്പിംഗ് ഡേറ്റ അനാലിസിസിലൂടെ നമ്മുടെ പഞ്ചായത്തുകൾ സ്ത്രീ ശിശുസൗഹൃദ ഗ്രാമ പഞ്ചായത്തുകളാക്കി മാറ്റാൻ കഴിയും. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ കേരളം എന്ന കേരള ജനതയുടെ അഭിലാഷം സാക്ഷാത്കരിക്കുന്നതിൽ നിർണ്ണായകമായി മുന്നേറാൻ 676 ദിനത്തിൽ പ്രത്യേക കർമ്മ പരിപാടികൾ ഉണ്ടാവും. ◆

മിഷൻ 676

കേരളം കുതിക്കുന്നു ലോകത്തോടൊപ്പം

ഗവൺമെന്റിന്റെ 676 ദിനപദ്ധതികൾ ഏറെ പ്രതീക്ഷകൾ ഉണർത്തിക്കഴിഞ്ഞു. യാഥാർത്ഥ്യബോധത്തോടെ രൂപപ്പെടുത്തിയ ഇവയുടെ നടത്തിപ്പ് ജനകീയമായിരിക്കണം എന്ന നിഷ്കർഷയുണ്ട്. ഗ്രാമപഞ്ചായത്തുകൾ ജനപക്ഷത്ത് കൂടുതൽ ശക്തമായി നിലയുറപ്പിക്കാനും തദ്ദേശ സ്വയംഭരണ സേവനം സന്തുലിതമായി എല്ലാ വിഭാഗം ജനതയ്ക്കും ലഭ്യമാകാനും തക്ക വിധത്തിലാണ് ഈ പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്.

സുരേന്ദ്രൻ ചുനക്കര

കാൻസർ സുരക്ഷാപദ്ധതി
എന്ത്? എന്തിന്?

വൈദ്യശാസ്ത്രരംഗത്തെ നിരന്തര ഗവേഷണ ഫലമായി കാൻസർ ചികിത്സയിൽ ഇന്ന് ക്രിയാത്മകമായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒട്ടുമിക്ക കാൻസറുകളെയും ഇന്ന് പരിപൂർണ്ണമായി ചികിത്സിച്ചു ഭേദമാക്കാൻ കഴിയും. പൂർണ്ണമായി ഭേദമാക്കാൻ കഴിയാത്ത അപൂർവ്വം കാൻസറുകളിൽ നല്ല ചികിത്സ കൊണ്ട് ശിഷ്ട ജീവിതം ഗുണമേന്മയുള്ളതാക്കി മാറ്റാം.

എക്കാലവും മനുഷ്യനെ ഭയപ്പെടുത്തിയിരുന്ന രോഗമാണ് കാൻസർ. വൈദ്യശാസ്ത്രരംഗത്ത് മുന്നേറ്റമുണ്ടാവുകയും മിക്ക കാൻസറുകളെയും ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കുകയും ചെയ്തിട്ടും സമൂഹത്തിൽ നിന്നും ഈ ഭയം പൂർണ്ണമായും മാറിയിട്ടില്ല. കാൻസർ മൂലമുണ്ടാകുന്ന ശാരീരിക മാനസിക വിഷമതകൾ മാത്രമല്ല ഇത്തരമൊരു ഭയത്തിനു കാരണം. കാൻസർ ചികിത്സയുടെ ദുർവഹമായ ചെലവും നീണ്ടുനിൽക്കുന്ന രോഗകാലവുമൊക്കെ ഈ ഭയത്തിന് ആക്കം കൂട്ടുന്നുണ്ട്.

വൈദ്യശാസ്ത്രരംഗത്തെ നിരന്തര ഗവേഷണ ഫലമായി കാൻസർ ചികിത്സയിൽ ഇന്ന് ക്രിയാത്മകമായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒട്ടുമിക്ക കാൻസറുകളെയും ഇന്ന് പരിപൂർണ്ണമായി ചികിത്സിച്ചു ഭേദമാക്കാൻ കഴിയും. പൂർണ്ണമായി ഭേദമാക്കാൻ കഴിയാത്ത അപൂർവ്വം കാൻസറുകളിൽ നല്ല ചികിത്സ കൊണ്ട് ശിഷ്ട ജീവിതം ഗുണമേന്മയുള്ളതാക്കി മാറ്റാം. കാൻസർ രോഗികളുടെ ശാരീരിക വേദനയുടെയും മറ്റ് ബുദ്ധിമുട്ടുകളുടെയും തീവ്രത ഇന്ന് ഏറെ കുറഞ്ഞിട്ടുണ്ട്.

നിങ്ങളുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആഘോഷങ്ങൾക്കും കാൻസർ ഒരു തടസമാകേണ്ടതില്ല. അർബുദത്തെ ആത്മധൈര്യത്തോടെയും വർദ്ധിച്ച ഇച്ഛാശക്തിയോടെയും നേരിടുകയും ഏറ്റവും മികച്ച ചികിത്സ കൃത്യസമയത്തു ലഭ്യമാക്കുകയും ചെയ്യുകയാണു വേണ്ടത്.

എന്നാൽ കാൻസർ ചികിത്സയുടെ ചെലവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത്യന്താധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയാണ് മിക്ക കാൻസർ ചികിത്സകളും നൽകുന്നത്. അതുകൊണ്ട് തന്നെ എല്ലാവിഭാഗം ജനങ്ങൾക്കും പരിപൂർണ്ണ സൗജന്യമായി ഹൈടെക് ചികിത്സ നൽകണമെന്ന് കാൻസർ ആശുപത്രികൾക്ക് ആഗ്രഹമുണ്ടെങ്കിലും അത് പ്രായോഗികമായിക്കൊള്ളണമെന്നില്ല.

ഒരു സാധാരണ കുടുംബത്തിന്റെ സാമ്പത്തികാടിത്തറ തന്നെ തകർക്കാൻ പര്യാപ്തമാണ് കാൻസർ ചികിത്സയുടെ ചെലവ്. കുടുംബനാഥനെ രോഗം ബാധിക്കുകയാണെങ്കിൽ തൊഴിലിൽ നിന്നുള്ള വരുമാനവും നിലയ്ക്കുന്നു. ഈ സാഹചര്യത്തിൽ ചികിത്സയ്ക്കുള്ള പണം, വീട്ടുചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, തുടങ്ങി നിരവധി പ്രശ്നങ്ങൾ ഒരു കുടുംബം അഭിമുഖീകരിക്കേണ്ടിവരുന്നു.

വീടും പറമ്പും വിറ്റ് കാൻസർ ചികിത്സ നടത്തി നിരാലംബരായിത്തീർന്ന ധാരാളം മനുഷ്യർ നമ്മുടെയിടയിലുണ്ട്. രോഗികളുടേയും കുടുംബത്തിന്റെയും ഈ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കിയ റീജണൽ കാൻസർ സെന്റർ, അതിനൊരു പരിഹാരമെന്ന നിലയിലാണ് കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ആവിഷ്കരിച്ചത്. അഭൂതപൂർവ്വമായ പ്രോത്സാഹനവും പ്രതികരണവുമാണ് ജനങ്ങളിൽ നിന്ന് ഈ പദ്ധതിയ്ക്ക് ലഭിച്ചത്. പതിനായിരക്കണക്കിനാളുകൾ ഈ പദ്ധതിയിൽ ചേരുകയുണ്ടായി. ഇപ്പോൾ തന്നെ ആയിരക്കണക്കിന് രോഗികൾക്ക്

ഇതുവരെ കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്ത കാൻസർ ചികിത്സയ്ക്കു വിധേയമായിട്ടില്ലാത്ത ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതിയിൽ അംഗമാകാം. മറ്റ് ഇൻഷ്വറൻസ് പോളിസികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പ്രത്യേകത ഈ പദ്ധതിക്കുണ്ട്. ജീവിതത്തിൽ ഒരിക്കൽ മാത്രം അംഗത്വഫീസ് അടച്ചാൽ മതിയാകും.

ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുകഴിഞ്ഞു.

ഇതുവരെ കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്ത കാൻസർ ചികിത്സയ്ക്കു വിധേയമായിട്ടില്ലാത്ത ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതിയിൽ അംഗമാകാം. മറ്റ് ഇൻഷ്വറൻസ് പോളിസികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പ്രത്യേകത ഈ പദ്ധതിക്കുണ്ട്. ജീവിതത്തിൽ ഒരിക്കൽ മാത്രം അംഗത്വഫീസ് അടച്ചാൽ മതിയാകും. അംഗമായി രണ്ടുവർഷം കഴിഞ്ഞ് ജീവിതത്തിൽ എപ്പോൾ കാൻസർ വന്നാലും അംഗത്വ ഫീസിനാനുപാതികമായ സൗജന്യചികിത്സ, തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ നിന്നു ലഭിക്കും. ഒ.പി, ഐ.പി വ്യത്യാസമില്ലാതെ എല്ലാ ചികിത്സകളും സൗജന്യമായി ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾ, കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ ചെറുകിട കൃഷിക്കാർ, ചെറുകിട കച്ചവടക്കാർ തുടങ്ങി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ ഈ പദ്ധതിയിൽ ചേരാൻ മുന്നോട്ടുവരണം. തൊഴിൽ ചെയ്യാനുള്ള ആരോഗ്യം നഷ്ടപ്പെട്ട് രോഗം ബാധിക്കുമ്പോൾ ചികിത്സാച്ചെലവും കുടുംബച്ചെലവും ഒന്നിച്ചു വഹിക്കാൻ കഴിയാതെ നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ ജീവിക്കുന്ന നിരവധി രോഗികളെ ഞാൻ കാണുന്നുണ്ട്. ആരോഗ്യമുള്ളപ്പോൾ തുച്ഛമായ തുകമുടക്കി ഈ പദ്ധതിയിൽ അംഗമായാൽ, രോഗകാലത്ത് ആരുടെയും മുന്നിൽ കൈനീട്ടാതെ തന്നെ ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയും. ഇപ്പോൾ ഈ പദ്ധതിയ്ക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ അംഗത്വഫീസ് കേവലം 500 രൂപ മാത്രമാണെന്നോർക്കണം. 500 രൂപയുടെ അംഗത്വമെടുക്കുന്ന വ്യക്തിക്ക് രണ്ടു വർഷത്തിനു ശേഷം കാൻസർ ബാധിച്ചാൽ, 50,000 രൂപയുടെ ചികിത്സയാണ് ലഭിക്കുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യസംഘടനകൾ യുവജനസംഘടനകൾ തുടങ്ങി വിവിധ ഏജൻസികൾക്ക് പ്രാദേശിക തലത്തിൽ ഈ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാൻ കഴിയും. ഗ്രാമപഞ്ചായത്തുകളുടെ ബജറ്റുവിഹിതത്തിൽ ഒരു ഭാഗം, നിർദ്ധനർക്ക് ഈ അംഗത്വമെടുത്തു കൊടുക്കുന്നതിനായി മാറ്റിവയ്ക്കാൻ ശ്രമിക്കണം. രോഗചികിത്സയ്ക്കായി ഭീമമായ തുക സംഭരിച്ചു നൽകുന്നതിനേക്കാൾ എത്രയോ ഫലപ്രദമാണ് കാൻസറിൽ നിന്നു സുരക്ഷ നൽകുന്ന ഈ പദ്ധതിയെന്നതിൽ യാതൊരു സംശയവുമില്ല. 50,000 രൂപ ഒരു രോഗിക്കു ചികിത്സയ്ക്കായി നൽകുന്നതിനു പകരം 100 പേർക്ക് ആയുഷ്ക്കാല ചികിത്സാ പരിരക്ഷ നൽകുക എന്നത് അഭികാമ്യമായ ഒരു തീരുമാനമായിരിക്കും. ◆

ലേഖകൻ തിരുവനന്തപുരം ആർ.സി.സി.യിലെ പി.ആർ.ഒ. ആണ്

പള്ളിക്കൂടങ്ങളിലേക്ക് വീണ്ടും

അജയൻ പനയറ

സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് മാതൃകയായ കേരളം ഇന്ന് പാശ്ചാത്യലോകത്തിനും കുത്തക കമ്പനികൾക്കും പ്രൊഫഷണലുകളെ വിരിയിച്ചു നൽകുന്ന ഇൻകുബേറ്ററാണ്. തൊഴിൽ മാത്രവാദവും ഒറ്റവാക്കിലുത്തരം പറഞ്ഞ് ഇൻസ്റ്റന്റ് സമ്മാനങ്ങൾ നേടലുമായി കുട്ടികൾ പുരോഗമിക്കുമ്പോൾ നമ്മുടെ ക്ലാസ് മുറികൾ എന്താണ് വിനിമയം ചെയ്യുന്നത്?

പള്ളിക്കൂടങ്ങൾ വീണ്ടും തുറക്കുകയാണ്. "പുത്തനുടുപ്പും പുതിയ ബുക്കും പുത്തനാം സ്ലേറ്റുമായി മോഹന വിദ്യാവിലാസിനിയെ കൈപിടിച്ചു കൊണ്ടുവരാൻ" (ഇടശ്ശേരി- പള്ളിക്കൂടത്തിലേക്ക് വീണ്ടും) കുരുന്നുകൾ പുറപ്പെടുന്ന കാലമാണിത്. കവി വാക്കുകൾ മുതിർന്നവരിൽ ചാരം മൂടാത്ത ഓർമ്മപ്പൊട്ടുകൾ മാത്രമാണിന്ന്. വേഗവും കുതിപ്പും ശീലമാക്കിയ പുതിയ കാലത്ത് കുഞ്ഞുങ്ങളെ നാം കൂട്ടയോട്ട മത്സരത്തിൽ ഒന്നാമതെത്താൻ പരിശീലിപ്പിച്ചു തുടങ്ങുന്ന കാലമാണിത് എന്നു പറയാം.

'ധാർമിക നിയമങ്ങളാലും മൂല്യങ്ങളാലും നിയന്ത്രിക്കപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തനമാണ്' വിദ്യാഭ്യാസം. രാഷ്ട്രത്തിന്റെ ഭാവി രൂപപ്പെടുന്നത് ക്ലാസ് മുറികളിലാണ് എന്ന് ഇന്നും മറക്കാതെ ചിലരെങ്കിലും ഓർക്കുന്നുണ്ട്. "കുട്ടികളിലും മുതിർന്നവരിലും ഉള്ള ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമഗുണങ്ങളുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ ചിന്തയും മറക്കാറായിട്ടില്ല. സ്കൂൾ തുറപ്പു കാലത്ത് ഈ വിചാരങ്ങളെ കേരളീയ/ഭാരതീയ നവോത്ഥാനത്തിന്റെ ചരിത്രവുമായി ചേർത്തു വച്ചു വേണം വിലയിരുത്തേണ്ടത്."

എന്നാൽ വിദ്യാഭ്യാസമെന്നത് സമ്പത്തിന്റെ ക്രയവിക്രയ ശേഷിക്കനുസരിച്ച് അളന്നുവാങ്ങുന്ന ഉല്പന്നമായി മാറുന്ന ഒരു കാലത്താണ് നാം പുലരുന്നത്. എഞ്ചിനീയറിംഗ്/മെഡിസിൻ ഡിഗ്രി നേടാനുള്ള സമൂഹയജ്ഞമായി വിദ്യാഭ്യാസത്തെ ഏറ്റവും മാനവികമായ പരികല്പന മാറുന്ന ദുരന്തകാലത്താണ് നമ്മുടെ കുഞ്ഞുങ്ങൾ വീണ്ടും പള്ളിക്കൂടങ്ങളിലേക്ക് പോകുന്നത്. മാനവിക വിഷയങ്ങളും ഭാഷാസാഹിത്യങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അമ്പേ അപരാധമായെണ്ണുന്ന 'ടെക്കിമാനിയ' പടർന്നു പിടിക്കുന്ന സമൂഹത്തിന് ചില തിരിച്ചറിവുകൾക്കും തിരിച്ചുപോക്കുകൾക്കും കാലമായിരിക്കുന്നു.

സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് മാതൃകയായ കേരളം ഇന്ന് പാശ്ചാത്യലോകത്തിനും കുത്തക കമ്പനികൾക്കും പ്രൊഫഷണലുകളെ വിരിയിച്ചു നൽകുന്ന ഇൻകുബേറ്ററാണ്. തൊഴിൽ മാത്രവാദവും ഒറ്റവാക്കിലുത്തരം

പറഞ്ഞ് ഇൻസ്റ്റന്റ് സമ്മാനങ്ങൾ നേടലുമായി കുട്ടികൾ പുരോഗമിക്കുമ്പോൾ നമ്മുടെ ക്ലാസ് മുറികൾ എന്താണ് വിനിമയം ചെയ്യുന്നത്? അധ്യാപിക പഠിപ്പിക്കുമ്പോൾ മൊബൈൽ ഫോണിന്റെ മോണിറ്ററിൽ തെളിയുന്ന അശ്ലീല ചിത്രങ്ങൾ കണ്ടഭ്യസിക്കുന്ന പത്തുവയസുകാരനും പതിനഞ്ചു വയസുകാരനും വളർന്നു വരുന്ന സാങ്കേതിക വിദഗ്ധർ തന്നെയാണ്. പക്ഷേ ഏതു തരം തൃഷ്ണകളാണ്, ആസക്തികളാണ്, അറിവുകളാണ് ഈ കുട്ടികളിൽ വളരുന്നത്/ വളർത്തുന്നത്? വർണാഭമായ ജീവിതക്കാഴ്ചകളിലേക്കും, അതിലൂടെ കൊടിയ പീഡനങ്ങളിലേക്കും, പിന്നെ ആത്മഹത്യയിലേക്കും ക്ഷണിക്കപ്പെടുന്ന പെൺകുട്ടികൾ പഠിച്ചിട്ടും പഠിക്കാതെ പോകുന്നതെന്തൊക്കെയാണ്?

മൂടില്ലാത്താളി പോലെ ജീവിതത്തിന്റെ നിലംതൊടാത്ത പുതിയ വിദ്യാഭ്യാസം അഞ്ചക്ക/ആറക്ക ശമ്പളം വാങ്ങേണ്ട പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ സദാ ജാഗരൂകമാണ്. പ്രായോഗിക/സാങ്കേതിക വിദ്യാഭ്യാസത്തിൽ നാം മുന്നേറുക തന്നെയാണ്. എന്നാൽ നിഴലുകൾക്കും നിറങ്ങൾക്കും പിന്നാലെ പരക്കം പായുമ്പോൾ ജീവിതത്തിന്റെ ഉപ്പും പച്ചപ്പും നമ്മുടെ കുട്ടികൾക്ക് നിഷേധിക്കുന്നതെന്തിനാണ്?

കാലം മാറുന്നതിനൊപ്പം വിദ്യാഭ്യാസരീതികളും മാറുന്നുവെന്ന് പറഞ്ഞ് ഒഴികഴിവുകളിലേറി നമുക്ക് പറന്നു രക്ഷപ്പെടാം. നവോത്ഥാന ചിന്തകളും സ്വാതന്ത്ര്യസമരവും മാനവികതയും കഴിഞ്ഞ ദശകങ്ങളിൽ പള്ളിക്കൂടങ്ങളിലും കലാലയങ്ങളിലും ഉയർന്നുവന്നു കത്തുന്ന ചിന്തകളും പുതിയ കാലങ്ങളെ പ്രവാചിക കണ്ണുകളോടെ ഉപദർശിച്ച കലാലയ സംവാദ മണ്ഡലങ്ങളും ഒക്കെ ഇന്നെവിടെ? നാം വളരെ പാടുപെട്ട് നമ്മുടെ കുട്ടികളെ ശീതീകരിച്ച മുറികളിലടച്ച് കരിയറിസ്റ്റുകളാക്കാൻ മാത്രം പഠിപ്പിച്ചു തുടങ്ങി. ചോദ്യങ്ങളുന്നയിക്കുകയും സംശയിക്കുകയും ചെയ്യുന്ന നചികേതന്മാർ (കഠോപനിഷത്ത്) അധ്യാപക ധർമദേവന്മാർക്ക് തലവേദന സൃഷ്ടിച്ചു തുടങ്ങി. വിദ്യാലയങ്ങൾ 'മാർക്കുല്പാദക യന്ത്രങ്ങളെ സൃഷ്ടിക്കുന്ന ഫാക്ടറികളായി. വേഗത്തെ വർധിതവേഗം കൊണ്ട് കീഴടക്കണമെന്ന വേഗയുഗസിദ്ധാന്തം നന്നു തന്നെ. എന്നാൽ ഈ വേഗത്തിനിടക്ക് സ്വന്തം നാടിന്റെയും പാരമ്പര്യത്തിന്റെയും നന്മകൾ മറന്നാലോ? നാം മനുഷ്യരാണെന്ന് മറന്നാലോ? 'ഹിരണ്യമേവം ഭജേ' (ഹിരണ്യം - സ്വർണം) എന്നു മാത്രം പ്രാർത്ഥിച്ചാലോ?

ഈ സ്കൂൾ തുറപ്പു വേളയിൽ മനുഷ്യരായി പുലരാൻ പോന്ന മാനവിക വിദ്യാഭ്യാസത്തിന്റെ വിലയും നിലയും നാം തിരിച്ചറിയണം. ഡോക്ടറും എഞ്ചിനീയറും മനുഷ്യജീവിതത്തിന്റെ അവസാന വാക്കോ സാധ്യതയോ അല്ല. അധ്യാപകനും പൊതു പ്രവർത്തകനും വക്കീലും കവിയും കലാകാരനുമൊക്കെയാകാൻ കുട്ടികൾക്ക് വഴികൾ തുറന്നിടുന്ന വിദ്യാഭ്യാസമാണ് മാനവിക വിദ്യാഭ്യാസം. എല്ലാ വഴികളും ഇടുങ്ങിയിടുങ്ങി ഒറ്റവഴിയായി മാറുന്നത് ജീവിത നിഷേധത്തിന്റെയും ആത്മനാശത്തിന്റെയും സൂചകമാണ്.

ഇനിയിപ്പോൾ വിദ്യാഭ്യാസ കച്ചവടത്തിന്റെ വായ്ത്താരികൾ കേട്ടു തുടങ്ങും. ലക്ഷങ്ങളുടെ വിലപേശൽ നടക്കും. അനുക്ഷണം മാറിമറിയുന്ന വിദ്യാഭ്യാസ പദ്ധതികളും പരിപാടികളും; പണ്ഡിത മച്ചുനന്മാരുടെ രചനകൾ ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണയെന്നോണം കുത്തിനിറയ്ക്കുന്ന പാഠപുസ്തകങ്ങൾ, പഠിപ്പിക്കലൊഴികെ സൂര്യനു താഴെയുള്ളതെല്ലാം തങ്ങളുടെ അവകാശമാണെന്നു വാദിക്കുന്ന അധ്യാപക രാഷ്ട്രീയക്കാർ; രാഷ്ട്രീയ പാർട്ടികൾക്കു വേണ്ട അണികളുടെ റിക്രൂട്ടിംഗ് സെന്ററുകളായി പ്രവർത്തിക്കുന്ന കലാശാലകൾ - കൊട്ടിഘോഷിക്കപ്പെട്ട കേരള മോഡൽ വിദ്യാഭ്യാസം ഇന്ന് ഇത്തരം ചില വികലീകരണങ്ങൾക്ക് കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ക്ലാസുമുറികൾ സ്റ്റോളൻ ജനറേഷനുകളെ (Stolen generation) സൃഷ്ടിക്കുന്നുവെന്ന് പറഞ്ഞ സിവിക് ചന്ദ്രനെ ഓർത്തുപോകുന്നു. (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2006 ഒക്ടോബർ 15).

ഈ സ്കൂൾ തുറപ്പു വേളയിൽ മനുഷ്യരായി പുലരാൻ പോന്ന മാനവിക വിദ്യാഭ്യാസത്തിന്റെ വിലയും

നിലയും നാം തിരിച്ചറിയണം. ഡോക്ടറും എഞ്ചിനീയറും മനുഷ്യജീവിതത്തിന്റെ അവസാന വാക്കോ സാധ്യതയോ അല്ല. അധ്യാപകനും പൊതു പ്രവർത്തകനും വക്കീലും കവിയും കലാകാരനുമൊക്കെയാകാൻ കുട്ടികൾക്ക് വഴികൾ തുറന്നിടുന്ന വിദ്യാഭ്യാസമാണ് മാനവിക വിദ്യാഭ്യാസം. എല്ലാ വഴികളും ഇടുങ്ങിയിടുങ്ങി ഒറ്റവഴിയായി മാറുന്നത് ജീവിത നിഷേധത്തിന്റെയും ആത്മനാശത്തിന്റെയും സൂചകമാണ്. കേരളത്തിലെ എല്ലാ വഴികളും എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ എത്തിച്ചേരുന്ന, എല്ലാ മനുഷ്യരും അവിടേക്കെത്താൻ തിടുക്കപ്പെടുന്ന ഈ സ്കൂൾ തുറപ്പു കാലങ്ങൾ അപമാനവീകരണത്തിന്റെതാണ്. ആൽബർട്ട് ഐൻസ്റ്റീനും ഐസക് ന്യൂട്ടനുമൊപ്പം മഹാത്മാഗാന്ധിയും മദർതെരേസയും രവീന്ദ്രനാഥ ടാഗോറുമൊക്കെയാണ് ജീവിതത്തെ കൂടുതൽ ജീവസുറ്റതാക്കിയതെന്ന ബോധം നമുക്കുണ്ടാവണം.

ആൽബർട്ട് ഐൻസ്റ്റീനും ഐസക് ന്യൂട്ടനുമൊപ്പം മഹാത്മാഗാന്ധിയും മദർതെരേസയും രവീന്ദ്രനാഥ ടാഗോറുമൊക്കെയാണ് ജീവിതത്തെ കൂടുതൽ ജീവസുറ്റതാക്കിയതെന്ന ബോധം നമുക്കുണ്ടാവണം.

ഭാഷാസാഹിത്യങ്ങളും മാനവിക വിഷയങ്ങളും പഠിക്കാൻ വിമുഖത കാണിക്കുന്ന ജനത അപകടകരമായ സ്മൃതി നാശത്തിലേക്കും സ്വത്വനഷ്ടത്തിലേക്കും മെല്ലെ നടന്നടുക്കും. ചരിത്രവും പൗരബോധവുമില്ലാതെ നാളെയുടെ പൗരന്മാർ വെറും പണക്കൊതിയന്മാർ മാത്രമാകും. എഞ്ചിനീയറിംഗും മെഡിസിനും മാത്രം ജീവിത സ്വപ്നമാക്കിയവർക്കു മുന്നിൽ രാഷ്ട്രം/സംസ്കാരം എന്നത് അപ്രസക്തമായി തുടങ്ങും. പ്രാഥമിക ലോകവിവരങ്ങൾ പോലുമില്ലാത്ത ഡോക്ടർമാരെ അഭിമുഖം നടത്തേണ്ടി വന്ന പബ്ലിസ് സർവീസ് കമ്മീഷൻ നേരിടേണ്ടിവന്നത് ഭയാനകമായ വിദ്യാഭ്യാസ/സാംസ്കാരിക ദുരന്തമാണ്.

കേരളത്തിൽ സിവിൽ സർവീസ് ഉൾപ്പെടെ വിവിധ ജീവിത മേഖലകളിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കാൻ ഉതകുന്ന തരത്തിൽ വിദ്യാഭ്യാസം സ്വതന്ത്രവും തുറസുകൾ ആവശ്യപ്പെടുന്നതുമാകണം. കുഞ്ഞിന്റെ ശേഷികളും ഇഷ്ടങ്ങളും തിരിച്ചറിയുന്ന വിദ്യാഭ്യാസ പദ്ധതിക്കു മാത്രമേ കാലത്തോടു നീതി പുലർത്താൻ കഴിയൂ. ജ്ഞാന വിജ്ഞാനങ്ങളുടെ നാനാത്വമാണ്, തെരഞ്ഞെടുപ്പിനുള്ള നിരുപാധിക സ്വാതന്ത്ര്യമാണ് ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ കാതൽ. കവിത പഠിക്കാൻ, ചിത്രം വരയ്ക്കാൻ, രാഷ്ട്രീയം പഠിക്കാൻ, പത്രപ്രവർത്തകനാകാൻ - അങ്ങനെ മാനവിക വിഷയങ്ങൾക്ക് മാന്യത ലഭിക്കുമ്പോഴാണ് വ്യക്തിത്വ രൂപീകരണത്തിന്റെയും നവോത്ഥാനത്തിന്റേയും വഴികളിലേക്ക് വിദ്യാഭ്യാസ സമ്പ്രദായം എത്തിച്ചേരുന്നത്. ജ്ഞാന നിർമിതി/സാമൂഹിക ജ്ഞാന നിർമിതി തുടങ്ങിയ അക്കാദമികമായ സാങ്കേതികപദാവലികൾ അവിടെ നിൽക്കട്ടെ, മാനുഷികമായ എല്ലാത്തരം സാധ്യതകളിലേക്കും കുട്ടിയെ ക്ഷണിക്കാനുതകുന്ന വൈവിധ്യമാണ് വിദ്യാഭ്യാസത്തിന്റെ സൗന്ദര്യം എല്ലാവരെയും ഡോക്ടറും എഞ്ചിനീയറുമാക്കുകയെന്നത് ആട്ടിത്തെളിക്കലാണ്. ജീവിതം തന്നെ പണമുലുക്കുന്ന മരമാണെന്ന വിചാരത്തിലേക്കുള്ള ആട്ടിത്തെളിക്കൽ.

വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാടം' എന്ന കവിതയിൽ വെള്ളക്കുത്തിൽ പെട്ടുപോകുന്ന ഭർത്താവിനെ കണ്ടിട്ടും, നിസഹായയായി നിൽക്കുന്ന അയാളുടെ ഭാര്യയെ കണ്ടിട്ടും-

"എല്ലാം കണ്ടതാ തെക്കേത്തുരുത്തിലൊരു കൊച്ചൻ-

കല്ലുപോലിരിക്കുന്നു.....

എത്ര നിർവികാരമിപ്പുതുതാം തലമുറ" എന്നൊരു സന്ദർഭമുണ്ട്. പുറം കാഴ്ചകളേയും അറിവുകളോടും ജീവിതത്തോടു തന്നെയും നിസംഗത പുലർത്തുകയും, തന്റെ ചൂണ്ട കൊളുത്തിൽ കുരുങ്ങുന്ന ഇരയെ മാത്രം ധ്യാനിക്കുകയും കാണുകയും ചെയ്യുന്ന കുട്ടികൾ വലിയൊരപകടത്തിലേക്ക് പതിയെപ്പതിയെ നമ്മെ കൊണ്ടു പോകുകയാണ് സമൂഹവും മാതാപിതാക്കളും. ഈയൊരവസ്ഥയെ ഭയക്കണം. അല്ലെങ്കിൽ മനുഷ്യരില്ലാത്ത മനുഷ്യർ പാർക്കാത്ത ലോകങ്ങളാകും നമ്മെ കാത്തിരിക്കുക. ◆

ലേഖകൻ ഗവ: വിമൻസ് കോളേജിലെ മലയാളം വിഭാഗം അസി. പ്രൊഫസറാണ്

മിഷൻ 676
കേരളം കുതിക്കുന്നു ലോകത്തോടൊപ്പം

ലേഖന പരമ്പര – ആറ്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

5'S' : ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള കാൽവയ്പ്

1. ആമുഖം

പൊതുജന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും നൂതന സാങ്കേതികവിദ്യ ഉപയോഗിക്കാനും പഞ്ചായത്തിനെ ഒരുക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ആയതിലേക്കുള്ള പ്രയാണത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക സംവിധാനമാണ് 5`S'. അടുക്കും ചിട്ടയുമില്ലാതെയും അനാവശ്യ വസ്തുക്കളുടെ അധികശേഖരത്താലും ഉള്ള പഞ്ചായത്തിന്റെ അന്തരീക്ഷം ജീവനക്കാരുടെ പ്രവർത്തനക്ഷമതയെ കുറയ്ക്കാറുണ്ട്. അതുകൊണ്ടുതന്നെ നാം മുഖം കഴുകുന്നതുപോലെയോ, പല്ലുതേയ്ക്കുന്നതുപോലെയോ തന്നെ അടിസ്ഥാനപരമായ ആവശ്യമാണ് പഞ്ചായത്തിന് 5`S'. ഇതിലൂടെ സ്ഥലം, സമയം, ഊർജ്ജം, പണം തുടങ്ങിയ വിഭവങ്ങളുടെ നഷ്ടവും ന്യൂനതയും ഒഴിവാക്കാനും ചെലവു കുറയ്ക്കുവാനും കഴിയും.

2. എന്താണ് 5`S'?

ചിട്ടയോടുകൂടിയ ഗൃഹപരിചരണ ക്രമീകരണത്തെ അർത്ഥപൂർണ്ണമാക്കുന്ന അഞ്ച് ജപ്പാൻ പദങ്ങളുടെ ആദ്യാക്ഷരങ്ങളെയാണ് 5`S' പ്രതിനിധാനം ചെയ്യുന്നത്. അതായത് സീറി (Sort), സീറ്റൺ (Set in Order), സീസോ (Shine), സീക്കെറ്റ്സു (Standardise), ഷിക്സുകെ (Sustain) എന്നിവയാണ് ആ പദങ്ങളും അവയുടെ അർത്ഥം വരുന്ന ആംഗലേയ പദങ്ങളും.

2.1. തരം തിരിക്കൽ (Sort)

"എന്ത്, ഏതളവിൽ, എവിടെ, എപ്പോൾ, എങ്ങനെ" ആവശ്യമുണ്ട് എന്നതനുസരിച്ചുള്ള തരംതിരിക്കൽ ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാകും. വർത്തമാന പ്രവർത്തനത്തിന് ആവശ്യമില്ലാത്ത വസ്തുക്കളെ ജോലിസ്ഥലത്തുനിന്ന് ഒഴിവാക്കുക. അതുവഴി സ്ഥലം, സമയം, പണം, ഊർജ്ജം തുടങ്ങി വിലപ്പെട്ട വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കും.

വസ്തുക്കളുടെ തരം തിരിക്കൽ

എപ്പോഴും ആവശ്യമുള്ളവ	ഒട്ടുംതന്നെ ആവശ്യമില്ലാത്തവ
ചിലപ്പോൾ മാത്രം ആവശ്യമുള്ളവ	ആവശ്യമില്ല, പക്ഷേ വേണ്ടിവന്നേക്കാം
വിരളമായി ആവശ്യമുള്ളവ	ആസൂത്രിതമായി കളയേണ്ട വസ്തുക്കൾ

തരംതിരിവ് നടപ്പിലാക്കുകവഴി

ജോലിസ്ഥലം തിങ്ങിനിറഞ്ഞ് പണിയെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ മാറും.

രേഖകളും പ്രമാണങ്ങളും, സാധനങ്ങളും അന്വേഷിച്ച് സമയനഷ്ടം ഒഴിവാക്കാം.

അധികശേഖരവും അനാവശ്യ ഫയലുകളും പ്രവർത്തനക്ഷമത കുറയ്ക്കുന്ന അവസ്ഥ ഒഴിവാകും.

- അനാവശ്യ വസ്തുക്കൾ വയ്ക്കുന്ന ഷെൽഫുകൾ അലമാരകൾ എന്നിവ മനുഷ്യസംസർഗം അസാദ്ധ്യമാക്കുന്ന അവസ്ഥ മാറും.

2.2. ക്രമീകരണം (Set in Order)

എളുപ്പത്തിലും വേഗത്തിലും എടുക്കുന്നതിനും ഉപയോഗിക്കുന്നതിനുമായ അവശ്യവസ്തുക്കളും ഫയലുകളും ക്രമപ്പെടുത്തി വയ്ക്കുക. ഏതു വസ്തുവിനും അതിന്റേതായ സ്ഥാനവും എല്ലാ വസ്തുക്കളും അതിന്റെ സ്ഥാനത്തും എന്നതാണ് ക്രമീകരണത്തിന്റെ അടിസ്ഥാനതത്വം. അന്വേഷണം മൂലവും, ഉപയോഗം മൂലവും തിരിച്ചുകൊടുക്കാത്തതുമൂലവുമുള്ള കുറഞ്ഞ സമയനഷ്ടം നിയന്ത്രിക്കാൻ കഴിയും.

നിരന്തരം ഉപയോഗിക്കുന്ന ഫയലുകളും സാധനങ്ങളും എളുപ്പത്തിൽ എടുക്കാവുന്നവിധം സമീപത്തുതന്നെ വയ്ക്കുക, അല്ലാത്തവ മാറ്റിവയ്ക്കുക. ഉപയോഗക്രമം അനുസരിച്ചുവയ്ക്കുക. ഇതിലൂടെ അനാവശ്യ ചലനങ്ങൾ (Movement) ഒഴിവാക്കുവാനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുവാനും വേഗത്തിൽ സേവനപ്രദാനം ചെയ്യുവാനും സാധ്യമാകും.

2.3. തിളക്കം (Shine)

ഏറ്റവും മികച്ച ശുചിത്വം എല്ലാ ഭാഗത്തും എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. വൃത്തിയാകാത്ത ഒരു ഭാഗംപോലും ഓഫീസിൽ ഉണ്ടാകരുത്. ആരും ശ്രദ്ധിക്കാത്ത സ്ഥലങ്ങൾപോലും വൃത്തിയാക്കണം. കാഴ്ചയിലെ കൗതുകം മാത്രമല്ല, ഉപയോഗത്തിന്റെ ഫലപ്രാപ്തി കൂടി മനസ്സിൽ കണ്ടുവേണം ഓഫീസ് ഭംഗിയാക്കാൻ.

നടപ്പാക്കൽ രീതി

- ജോലിസ്ഥലം ശുചിയാക്കേണ്ടത് അവിടത്തെ ജീവനക്കാരുടെ എല്ലാവരുടേയും ഉത്തരവാദിത്വമാണ്. സ്ഥലം തിരിച്ച് ഓരോരുത്തർക്കും ഉത്തരവാദിത്വം നൽകുക.

- തറയിലെ വിള്ളലുകളിലും, ചുമരിന്റെ മൂലയിലും, തൂണുകളുടെ ചുറ്റിലും നിന്നും അഴുക്കുകൾ പൂർണ്ണമായും നീക്കിയെന്ന് ഉറപ്പാക്കുക.
- ചുവരുകൾ, ജനലുകൾ, കതകുകൾ എന്നിവയിൽ നിന്നും അഴുക്കുകൾ പൂർണ്ണമായും നീക്കിയെന്ന് ഉറപ്പാക്കുക.
- എല്ലായിടത്ത് നിന്നും അഴുക്കും പൊടിയും ചിലന്തിവലയും അനാവശ്യ വസ്തുക്കളും പൂർണ്ണമായും നീക്കിയെന്ന് ഉറപ്പാക്കുക.

2.4. നിലവാര നിർണ്ണയം (Standardise)

ആദ്യത്തെ 3 എസുകളും നടപ്പാക്കുകവഴി ലഭ്യമാകുന്ന അവസ്ഥയ്ക്ക് സ്ഥിരത ഉണ്ടാക്കാനാവശ്യമായ രീതികൾക്കും സമ്പ്രദായങ്ങൾക്കും നിലവാരം നിർണ്ണയിക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചുപോകാതെ ആദ്യത്തെ 3 എസിന്റെയും സമന്വയം ഉറപ്പാക്കും.

നടപ്പിലാക്കൽ രീതി

- ആദ്യ മൂന്ന് എസും സംബന്ധിച്ച് ഏതൊക്കെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ആർക്കൊക്കെ എന്നു തീരുമാനിക്കണം
- വീഴ്ചകൾ സംഭവിക്കാതിരിക്കാൻ മൂന്ന് എസ് ഉത്തരവാദിത്വങ്ങളെ സാധാരണ ജോലികളുടെ സമഗ്ര ഭാഗമാക്കണം
- 3 എസ് അവസ്ഥ ഭംഗിയായി പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കണം
- എല്ലാ ദിവസവും 5 മിനിറ്റ് 5`S' നടപ്പിലാക്കാനായി എല്ലാവരും വിനിയോഗിക്കണം

2.5. സ്ഥിരത (Sustain)

ജീവനക്കാരിൽ അച്ചടക്കത്തിന്റെയും സ്വഭാവത്തിന്റെയും ഭാഗമായി 5`S' മാറുക എന്നതാണ് ഇവിടെ ലക്ഷ്യമിടുന്നത്. തുടർച്ചയായ മാർഗനിർദ്ദേശങ്ങളിലൂടെയും, നിരന്തരബോധവത്കരണത്തിലൂടെയും, നിരന്തര പരിശീലനത്തിലൂടെയും ഈ അഭിലഷണീയമായ അവസ്ഥ നേടിയെടുക്കാം.

3. 5'S' അഞ്ചു ഘട്ടങ്ങളായി നടപ്പിലാക്കണം

ഒന്നാം ഘട്ടം : ഓഫീസിനുൾവശം, ചുറ്റും, നിരപ്പായ പ്രതലങ്ങൾ എന്നിവ പൂർണ്ണമായും വൃത്തിയാക്കൽ

രണ്ടാം ഘട്ടം : ചുവർ, തൂണുകൾ, സീലിംഗ് എന്നിവ വൃത്തിയാക്കൽ

പരസ്യ നിരക്ക്

തുക രൂപയിൽ

കവർ (അവസാനപുറം) കളർ	: 12000/
കവർ (ഉൾവശം) കളർ	: 10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	: 8000/
മറ്റു പേജുകൾ (കളർ)	: 8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	: 6000/
അര പേജ് (കളർ)	: 5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	: 3000/

മൂന്നാം ഘട്ടം : റാക്ക്, പെട്ടികൾ, അലമാരികൾ, മേശ എന്നിവയുടെ ഉൾവശം, പൊതു അവശ്യ വസ്തുക്കൾ വൃത്തിയാക്കൽ, ഭംഗിയായി അടുക്കിവയ്ക്കൽ

നാലാം ഘട്ടം : എല്ലാ വസ്തുക്കളും വൃത്തിയാക്കി, ലേബൽ ചെയ്തും മാർക്ക് ചെയ്തും വയ്ക്കുക

അഞ്ചാം ഘട്ടം : മേൽ പ്രതിപാദിച്ച ക്രിയകൾ കൃത്യമായി നിർവ്വഹിച്ചു എന്നു ഉറപ്പുവരുത്തുക

4. 5'S' ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും
- ഭരണസമിതിയുടെ പ്രതിബദ്ധത
- സെക്രട്ടറി ഇത് നടപ്പാക്കുന്നതിന്റെ നേതൃത്വം നേരിട്ട് ഏറ്റെടുക്കണം
- പരിപാടി സ്വയമായും തുടർച്ചയായും നിലനിൽക്കണം

5. ചുമതലകൾ

5.1. ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ചുമതലകൾ

- 5`S' നെ കുറിച്ചും നടപ്പിലാക്കൽ രീതികളെയും കുറിച്ച് എല്ലാവർക്കും പരിശീലനം നൽകൽ
- 5`S' നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം വീതിച്ചുനൽകൽ
- 5`S' നടപ്പാക്കുന്നതിനാവശ്യമായ സമയം നൽകുകയും, വിഭവങ്ങൾ നൽകുകയും കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യൽ
- ജീവനക്കാരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുക, സൃഷ്ടിപരമായ പങ്കാളിത്തം സാധ്യമാക്കുക
- 5`S' നടപ്പിലാക്കൽ പ്രയത്നങ്ങൾക്ക് പ്രോത്സാഹനം നൽകുക

5.2. ജീവനക്കാരുടെ ചുമതലകൾ

- തുടർച്ചയായ അറിവുനേടലും സഹപ്രവർത്തകർക്ക് പകർന്നു നൽകലും
- 5`S' കാര്യത്തിൽ ജിജ്ഞാസ ഉണ്ടാകുക, പ്രോത്സാഹനജനകമായ പിന്തുണ നൽകുക
- 5`S' ന്റെ ഭാഗമായി ദിവസവും നിർവ്വഹിക്കേണ്ട കാര്യങ്ങൾക്ക് മുൻകൈ എടുക്കുക, സ്വന്തം പങ്കാളിത്തം ഉറപ്പുവരുത്തുക
- മേലുദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിഭവ/സഹായങ്ങൾ ചോദിച്ച് ലഭ്യമാക്കുക, സഹായകരവും സൃഷ്ടിപരവുമായ ആശയങ്ങൾ നൽകുക

6. ഉപസംഹാരം

ഇങ്ങനെ 5`S' നടപ്പിലാക്കുക വഴി പഞ്ചായത്ത് ജീവനക്കാരിലും ഒപ്പം ജനപ്രതിനിധികളിലും ശുചിത്വബോധം ഉടലെടുക്കുകയും, പങ്കാളിത്തംവഴി കൂട്ടായ്മയും, കാര്യശേഷിയും കാര്യപ്രാപ്തിയും വർദ്ധിക്കുകയും ചെയ്യും. എല്ലാ ഉപകരണങ്ങളുടേയും സ്ഥലത്തിന്റെയും സുഗമവും പരമാവധി ഉപയോഗവും ഉറപ്പുവരുത്തും. ജോലിചെയ്യുവാനുള്ള ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കും. സേവനത്തിലെ ന്യൂനതകൾ ഇല്ലാതാകും. കാലവിളംബം ഇല്ലാതാകും, പരാതികൾ കുറയും. തൊഴിൽ ആരാധനയാണ്, തൊഴിൽ സ്ഥലം ആരാധനാലയമാണ്. ഇതിലൂടെ ആരോഗ്യവും, അച്ചടക്കവും, ഗുണമേന്മയും ഉറപ്പുവരുത്തുവാനായും, ടോട്ടൽ ക്വാളിറ്റിയിലൂടെ ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള കാൽവയ്പ്പായി 5`S' നെ മാറ്റാവുന്നതാണ്. ഇവയുടെ നിരന്തര വിലയിരുത്തലിനും സുഗമമായ നടത്തിപ്പിനുമുള്ള ചുമതല ക്വാളിറ്റി സർക്കിൾ ഏറ്റെടുക്കേണ്ടതാണ്. ◆

(അടുത്ത ലക്കം - ക്വാളിറ്റി സർക്കിൾ)

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

സംയോജിത പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ടായിരുന്നു. ജനറൽ പർപ്പസ് ഫണ്ടിൽ നിന്നായിരുന്നു ജില്ലാപഞ്ചായത്ത് വിഹിതം നൽകേണ്ടിയിരുന്നത്. ഈ തുകയ്ക്കുള്ള ചെക്ക് ജില്ലാപഞ്ചായത്ത് എഴുതിയത് മാർച്ച് 31ന് ആയിരുന്നു. തുക ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ഗ്രാമപഞ്ചായത്തിൽ ലഭിച്ചത് ഏപ്രിൽ 10ന് ആയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് ആയിരുന്നു അത്. പ്രവൃത്തി ചെയ്ത് തീർത്ത ശേഷം ബിൽ തയ്യാറാക്കി ബിൽ പകർപ്പ് ജില്ലാ പഞ്ചായത്തിൽ എത്തിച്ചാൽ മാത്രമേ ചെക്ക് എഴുതാനാവൂ എന്നായിരുന്നു ജില്ലാപഞ്ചായത്ത് അറിയിച്ചത്. ഇക്കാരണത്താലാണ് തുക ഗ്രാമപഞ്ചായത്തിൽ ലഭിക്കാൻ കാലതാമസം നേരിട്ടത്. 2013-14 ലെ പ്രോജക്ട് ആയിരുന്നു. പ്രോജക്ടിന്റെ പ്രവൃത്തി പൂർത്തിയാവുകയും ചെയ്തു; പക്ഷെ പണം ലഭിച്ചത് 2014-15ൽ മാത്രവും. ഈ ചെലവ് 2013-14ൽ ഉൾക്കൊള്ളിക്കാനാവുമോ?

അക്കൗണ്ടിംഗിലെ പ്രാഥമികപാഠം ഒരിക്കലും മറന്നു കളയരുത്. 2013-14ൽ ലഭിക്കേണ്ടിയിരുന്ന പണം 2014-15ലാണ് ലഭിച്ചതെങ്കിൽ അത് 2014-15ലെ പണം വരവ് (റെസീപ്റ്റ്) ആയി മാത്രമേ കണക്കുവെക്കാൻ കഴിയൂ. അതുപോലെ 2013-14ൽ കൊടുക്കേണ്ടിയിരുന്ന പണം 2014-15ലാണ് കൊടുത്തതെങ്കിൽ അത് 2014-15ലെ പണം കൊടുക്കൽ (പേയ്മെന്റ്) മാത്രമേ ആവുകയുള്ളൂ. ക്ലോക്കിന്റെ സൂചി തിരിച്ചുവെക്കാൻ കഴിയും. എന്നാൽ 'ദിവസ'ത്തെ പിറകോട്ടു തള്ളിനീക്കാൻ കഴിയുമോ? നാം കണ്ണടച്ചാൽ ലോകമാകെ ഇരുട്ടാവുകയില്ല. എല്ലാം സുതാര്യമാകുന്ന കാലമാണ്. നാം ചെയ്യുന്ന കാര്യങ്ങൾ ലോകം കാണുന്നുണ്ട്. അക്കൗണ്ടിംഗിന്റെ അടിസ്ഥാനതത്വം തന്നെ Maximum disclosure, അഥവാ വസ്തുതകൾ പരമാവധി വ്യക്തമാക്കൽ എന്നതാണ്. അതിനാൽ 2014-15ൽ പണം കൊടുക്കുകയും അത് 2013-14ലെ കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ സത്യസന്ധതയുണ്ടോ എന്നുമാത്രം ആലോചിച്ചാൽ മതി.

ഇക്കാര്യത്തിൽ തെറ്റുപറ്റിയത് ജില്ലാ പഞ്ചായത്തിനാണ്. സംയോജിത പ്രോജക്ടുകൾക്കായി നീക്കിവെച്ച തുക, നിർവഹണം നടത്തുന്ന പഞ്ചായത്തിന് നൽകണമെങ്കിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ പകർപ്പ് ലഭിച്ചിരിക്കണമെന്ന് ഒരു സർക്കാർ ഉത്തരവിലും നിർദ്ദേശിച്ചിട്ടില്ല. ഇതിനായി ട്രഷറിയിൽ സമർപ്പിക്കേണ്ട ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടത് അലോട്ട്മെന്റ് ലെറ്റർ സാങ്ഷൻ, സംയോജിത പ്രോജക്ടിന് നൽകാനുള്ളതാണ് ഈ തുക, എന്ന സർട്ടിഫിക്കറ്റ് എന്നിവ മാത്രമാണ്. 12-4-2006ലെ ജിഒ(പി)177/2006/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ 11-1-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്നു. വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും കാര്യത്തിലാണിതു നിർദ്ദേശിച്ചിരിക്കുന്നത്. ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെക്ക് എഴുതി നൽകാൻ പ്രോജക്ടിൽ തുക വകയിരുത്തിയാൽ മാത്രം മതിയെന്ന് മേൽപറഞ്ഞതിൽ നിന്ന് വ്യക്തമാവുമല്ലോ.

ഇനി, ഇക്കാര്യത്തിൽ ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് പരിശോധിക്കാം. പ്രവൃത്തി 2013-14ൽ പൂർത്തിയാക്കിയെങ്കിലും ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തിനാൽ 2013-14ൽ പണം കൊടുക്കൽ (പേയ്മെന്റ്) നടന്നിട്ടില്ല. അതിനാൽ 2013-14ലെ പ്ലാൻ കണക്കു പ്രകാരം ഈ തുക ചെലവാകാതെ ബാക്കി വന്ന തുകയാണ്. 2014-15ലെ പ്ലാനിൽ ഈ പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുക. ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ച തീയതിയിൽ രസീത് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ഇന്നത്തെ ദിവസം രസീത് രേഖപ്പെടുത്തി. സ്പിൽ ഓവർ പ്രോജക്ട് നമ്പർ എടുത്ത് റിക്വിസിഷൻ രേഖപ്പെടുത്തി ചെക്ക് എഴുതി പേയ്മെന്റ് രേഖപ്പെടുത്തുക. ഈ തുക 2014-15ലെ ചെലവായിരിക്കുമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

ഫ്രണ്ട് ഓഫീസിൽ ഇരിക്കുന്ന പലർക്കും ഓരോ വരുമാനത്തിന്റേയും ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമായ അറിവില്ലെന്നാണ് അനുഭവം. ഇതിന്റെ ഫലമായി മിക്കവാറും ഇനം വരുമാനങ്ങളെല്ലാം അഥർ റെസീപ്റ്റ് എന്ന ഹെഡിൽ സ്വീകരിക്കുന്നു. അഥർ റെസീപ്റ്റ് എന്ന ഹെഡിൽ സംശയമുള്ള തുകകളെല്ലാം സ്വീകരിച്ച ശേഷം Narration നോക്കി തെറ്റു തിരുത്താനുള്ള ജേണൽ എൻട്രി ചെയ്താൽ പോരേ?

തെറ്റു വരുത്തിയ ശേഷം തിരുത്തൽ വരുത്തുക എന്നത് ഒരു പതിവ് പ്രക്രിയ

യാക്കുന്നത് ആരോഗ്യകരമല്ല. ഇതിനുപകരം എല്ലാ വരുമാനങ്ങളും ശരിയായ ഹെഡിൽ സ്വീകരിക്കാൻ ജീവനക്കാരെ പ്രാപ്തരാക്കുന്നതെങ്ങനെ എന്നു പരിശോധിച്ചുകൂടേ?

സാംഖ്യ പ്രവർത്തനമാരംഭിക്കുന്നതിന് നാല് കമ്പ്യൂട്ടർ വേണമെന്ന് തീരുമാനിച്ചപ്പോൾ അതിലൊന്ന് കാഷിയർക്കും, രണ്ടാമത്തേത് അക്കൗണ്ടന്റിനും, മൂന്നാമത്തേത് സെക്രട്ടറിക്കും, നാലാമത്തേത് പെണ്ടാതുവായി വെച്ച് മറ്റ് ക്ലാർക്കുമാർക്കും എന്നാണ് നിശ്ചയിച്ചിരുന്നത്. മറ്റു ക്ലാർക്കുമാർ പല വരുമാനങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു. അവർ കമ്പ്യൂട്ടറിൽ ഡിമാൻഡ് ജനറേറ്റ് ചെയ്തു കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് ക്ലാർക്ക് രസീത് രേഖപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ ഇത്രയും തെറ്റുകൾ വരില്ലായിരുന്നു. ഇപ്രകാരം, ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാർ ഡിമാൻഡ് ജനറേറ്റ് ചെയ്യുക, ഫ്രണ്ട് ഓഫീസിലെ കാഷിയർ രസീത് രേഖപ്പെടുത്തുക - ഈ രീതി നടപ്പാക്കാൻ ശ്രമിക്കുക.

മറ്റൊരു മാർഗം എല്ലാ മാസത്തിലേയും ആദ്യവാരം, പഞ്ചായത്തിലെ മുഴുവൻ സ്റ്റാഫും യോഗം ചേർന്ന് കഴിഞ്ഞ മാസത്തെ മുഴുവൻ രസീതുകളും പരിശോധിക്കുക എന്നതാണ്. ഏതൊക്കെ ഹെഡ് ഓഫ് അക്കൗണ്ടുകളിലാണ് തെറ്റുപറ്റിയത്, ഏതാണ് ശരിയായ ഹെഡ് എന്ന വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് പരിശോധന ഫലമായി തയ്യാറാക്കി എല്ലാവർക്കും നൽകുക. ഇതേ തെറ്റ് അടുത്ത മാസം ആവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ഒന്നോ രണ്ടോ മാസം ഇത്തരം പരിശോധന നടത്തിയാൽ ഇപ്രകാരമുള്ള തെറ്റ് ഒഴിവാക്കാൻ കഴിയും.

ബ്ലോക്ക് തലത്തിൽ, ലോകബാങ്ക് സഹായത്തോടെ ഐകെഎം വിന്യസിച്ചിട്ടുള്ള അക്കൗണ്ടന്റ്-കം-ഐടിഎക്സ്പെർട്ടുമാരുടെ സേവനം വളരെ വിലപ്പെട്ടതാണെന്നും, സാംഖ്യ അക്കൗണ്ടിംഗ് ഫലപ്രദമാകുന്നത് അവരുടെ കൂടി സേവനത്തിന്റെ ഫലമാണെന്നുമാണ് പൊതുവേ പഞ്ചായത്തുകളിലെ അഭിപ്രായം. എന്നാൽ അക്കൗണ്ടന്റ്-കം-ഐടി എക്സ്പർട്ടുമാരുടെ സേവനം അവസാനിപ്പിച്ചെങ്കിൽ മാത്രമേ പഞ്ചായത്ത് അക്കൗണ്ടന്റുമാർ സ്വന്തം ജോലി പഠിക്കൂ എന്നൊരഭിപ്രായം ചിലർ പ്രചരിപ്പിക്കുന്നുണ്ട്. ഇത് ശരിയായ അഭിപ്രായമാണോ?

ലോകബാങ്ക് സഹായത്തോടെ ഐകെഎം വിന്യസിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടുമാർ സാംഖ്യ നടത്തിപ്പിന് നൽകിയ സേവനം പരമാവധി കൃതജ്ഞതയോടെ മാത്രമേ സ്മരിക്കാനാകൂ. 2014-15ലേക്കു കൂടി അവരുടെ സേവനത്തിനുള്ള തുക ലോക ബാങ്ക് നൽകുന്നതാണ്. മാത്രമല്ല, 2011-12-ൽ നടപ്പാക്കേണ്ടിയിരുന്ന പ്രസ്തുത സ്കീം നടപ്പായത് 2012-13ൽ മാത്രമാണ്. അതിനാൽ 2015-16ലും സ്കീം തുടരാനുള്ള സാദ്ധ്യതയുണ്ട്.

2013-14ൽ അക്കൗണ്ടന്റുമാർ കൂട്ടത്തോടെ അസിസ്റ്റന്റ് സെക്രട്ടറി അഥവാ ജൂനിയർ സൂപ്രണ്ട് ആയി പ്രമോഷൻ നേടി. പുതുതായി വന്ന അക്കൗണ്ടന്റുമാർ അക്കൗണ്ടിംഗിൽ പ്രാഗത്ഭ്യം നേടി വരുന്നതേയുള്ളൂ. ഈ സമയത്ത് നിർണായക സഹായം നൽകുന്ന അക്കൗണ്ടന്റ് കംഐടി എക്സ്പെർട്ടുമാരുടെ സേവനം നിർത്തലാക്കുന്നതാണ് പഞ്ചായത്തുകൾക്ക് ഗുണകരം എന്ന വാദിക്കുന്നവർ പഞ്ചായത്തിന്റെ നന്മയെ അല്ല ലക്ഷ്യമാക്കുന്നത്.

ചില അക്കൗണ്ടന്റുമാർ സ്വന്തം ജോലി ചെയ്യാതെ 'അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ട് വരട്ടെ; ആ കുട്ടിയെ കൊണ്ട് ജോലി ചെയ്യിക്കാം' എന്ന് ചിന്തിക്കുന്നുണ്ട്. അങ്ങനെ പ്രവർത്തിക്കുന്നുമുണ്ടാകും. ഇത്തരം അക്കൗണ്ടന്റുമാരോട് അവരുടെ ചിന്താഗതി തിരുത്തണമെന്നും സ്വന്തം ജോലി സ്വയം ചെയ്യുന്നതാണ് ആത്മാഭിമാനമെന്നും പറഞ്ഞു മനസ്സിലാക്കണം. അതാണ് ശരിയായ വഴി.

കോമേഴ്സിൽ ഗ്രാജ്വേഷനോ പോസ്റ്റ് ഗ്രാജ്വേഷനോ, അതു കൂടാതെ പിജിഡിസിഎ, ഇതിനു പുറമേ സമഗ്ര പരിശീലനം, തുടർന്നുള്ള ശില്പശാലകൾ - ഇവയെല്ലാം പൂർത്തിയാക്കിയ അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടുമാരുടെ സേവനം സാംഖ്യ നടപ്പാക്കി തുടങ്ങിയപ്പോൾ മുതൽ ലഭിച്ചത് പഞ്ചായത്തുകൾക്ക് വലിയൊരനുഗ്രഹമാണ്. ഈ സേവനം പരമാവധി ഉപയോഗപ്പെടുത്തി, അവരുടേയും അസിസ്റ്റന്റ് സെക്രട്ടറി അഥവാ ജൂനിയർ സൂപ്രണ്ടിന്റേയും പരിശോധന കഴിഞ്ഞു മാത്രമേ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു സമർപ്പിക്കുകയുള്ളു എന്ന് തീരുമാനിച്ചാൽ ഈ വർഷം എല്ലാ ത്രിതല പഞ്ചായത്തുകൾക്കും ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കും.

സാംഖ്യ കൃത്യമായി പഞ്ചായത്തിൽ നടപ്പാക്കുന്നു എന്നുറപ്പു വരുത്താൻ സെക്രട്ടറി എന്തൊക്കെ ചെയ്യണം?

അക്കൗണ്ടബിലിറ്റി എന്ന വാക്കിനർത്ഥം, ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർക്ക് സ്വന്തം പ്രവൃത്തികളുടെ ന്യായം ജനങ്ങൾക്കുമുമ്പേ വിശദീകരിക്കാനുള്ള ബാദ്ധ്യത എന്നാണ്. പ്രസ്തുത ബാദ്ധ്യത നിറവേറ്റണമെങ്കിൽ, സ്ഥാപനത്തിൽ ലഭിക്കേണ്ടിയിരുന്നതും യഥാർത്ഥത്തിൽ ലഭിച്ചതുമായ വരുമാനങ്ങൾ ഏതൊക്കെ; സ്ഥാപനം ചെയ്യേണ്ടിയിരുന്നതും, യഥാർത്ഥത്തിൽ ചെയ്തതുമായ ചെലവുകൾ ഏതൊക്കെ, ആസ്തി-ബാദ്ധ്യതകൾ ഏതെല്ലാം; തുടങ്ങിയ കാര്യങ്ങളുടെ അക്കൗണ്ട് വേണം. അക്കൗണ്ട് ഇല്ലാത്തവർക്ക് അക്കൗണ്ടബിലിറ്റിയെന്ന ബാദ്ധ്യത നിറവേറ്റാനാവില്ല.

ശരിയായ അക്കൗണ്ട് തത്സമയം തയ്യാറാക്കി, അക്കൗണ്ടബിലിറ്റി സംബന്ധിച്ച ഏതു ചോദ്യത്തിനും തത്സമയം മറുപടി പറയാനുള്ള സൗകര്യമാണ് സാംഖ്യ ഒരുക്കിത്തന്നിട്ടുള്ളത്.

സെക്രട്ടറി ചെയ്യേണ്ട മിനിമം കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. വർഷാരംഭത്തിൽ സാംഖ്യയിൽ രേഖപ്പെടുത്തേണ്ട അക്രൂവൽ വരുമാനങ്ങൾ അക്കൗണ്ടന്റ് രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുക.
2. ഏതു രീതിയിലായാലും ലഭിക്കുന്ന പണത്തിന് കാഷിയർ

തത്സമയം രസീത് രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

3. സ്വന്തം ലോഗിൻ, പാസ്‌വേഡ് എന്നിവ രഹസ്യമായി സൂക്ഷിക്കുക. പാസ്‌വേഡ് ആരെങ്കിലും മനസ്സിലാക്കിയെന്ന് തോന്നുമ്പോഴോ, അല്ലെങ്കിൽ ഇടക്കിടയ്ക്കോ പാസ്‌വേർഡ് മാറ്റുക.

4. സെക്രട്ടറി ചെയ്യേണ്ട രസീത് കാൻസലേഷൻ അപ്രൂവൽ, പേയ്മെന്റ് ഓർഡർ അപ്രൂവൽ തുടങ്ങിയവ സ്വയം ചെയ്യുക. ഇത്തരം ജോലികൾ കാഷിയറെ കൊണ്ടോ, അക്കൗണ്ടന്റിനെക്കൊണ്ടോ ചെയ്യിക്കരുത്.

5. ലെറ്റർ ഓഫ് അതോറിറ്റി, അലോട്ട്മെന്റ് ലെറ്റർ തുടങ്ങിയവയെല്ലാം സാംഖ്യയിൽ അക്കൗണ്ടന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

6. കാഷ് ചെസ്റ്റിലെ കാഷ് ബാലൻസ് കൃത്യമാണെന്ന് ഇടക്കിയ്ക്കെങ്കിലും പരിശോധിക്കുക.

7. നിർവഹണ ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതി കഴിഞ്ഞ മാസത്തെ ചെലവ് സ്റ്റേറ്റ്മെന്റ് തന്നിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

8. എല്ലാ ദിവസവും വൈകുന്നേരം കാഷ്ബുക്ക് സമ്മറി, ബാങ്ക് ബുക്കുകൾ എന്നിവയുടെ പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിട്ട് ഫയൽ ചെയ്യുക. ബയന്റ് ചെയ്ത് ബുക്ക് ആയി സൂക്ഷിക്കുകയും ഓഡിറ്റിന് നൽകുകയും ചെയ്യുക.

9. സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്താതെ സമർപ്പിക്കുന്ന ഒരു ബില്ലിലും പാസ് ഓർഡർ ഒപ്പിടുകയില്ലെന്ന് തീരുമാനിക്കുക. സാംഖ്യയിൽ രേഖപ്പെടുത്തിയതിന് തെളിവായി പേയ്മെന്റ് ഓർഡർ നമ്പർ ബില്ലിന്മേൽ എഴുതിയിരിക്കണമെന്ന് നിഷ്കർഷിക്കുക.

10. മാസാവസാനം ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ നടത്തി റിക്കൺ സിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുക.

11. എല്ലാ മാസവും 10-ാം തീയതിക്കകം പ്രതിമാസ ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റ് ഔട്ട് എടുത്ത് ധനകാര്യ/സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുക.

12. എല്ലാമാസവും ആദ്യ വാരത്തിൽ മുഴുവൻ ജീവനക്കാരുടേയും യോഗം വിളിച്ച് പ്രതിമാസ ധനകാര്യ സ്റ്റേറ്റ്മെന്റുകളിലെ ഓരോ തുകയും ശരിയാണോ എന്ന് ലെഡ്ജർ, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, വൗച്ചറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും കണ്ടുപിടിച്ച തെറ്റുകൾ തിരുത്താനുള്ള നിർദ്ദേശം നൽകുകയും ചെയ്യുക.

13. വർഷാവസാനം ആവശ്യമായ പ്രൊവിഷൻ, ഡിപ്രീസിയേഷൻ തുടങ്ങിയ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കുക.

14. ഇടക്കിടെയും വർഷാന്ത്യത്തിലും അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടിന്റെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ◆

Find suitable life partner through
Vow of Trust

Vow of trust will help you to find a suitable life partner at a low expense. Spend only ₹ 200 for your advertisement. It's a hassle free matrimonial vista.

You'll get a brochure of suitable Bride / Groom profile. You can easily contact the party directly to get the details, and be convinced of the party before making alliance. Vow of trust matrimonial service is available for all religious groups.

വൗ ഓഫ് ട്രസ്റ്റ് വഴി ജീവിത പങ്കാളിയെ കണ്ടെത്തൂ..

ഏറ്റവും കുറഞ്ഞ ചിലവിൽ ജീവിത പങ്കാളിയെ കണ്ടെത്താൻ വൗ ഓഫ് ട്രസ്റ്റ് നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ ഒരു പരസ്യത്തിന് വെറും 200 രൂപ മാത്രം. അനുയോജ്യരായ വധു – വരന്മാരുടെ വിശദാംശങ്ങൾ അടങ്ങിയ ബുക്ക് നിങ്ങൾക്ക് സൗജന്യമായി നൽകുന്നു.

ബ്രോക്കർമാരില്ലാതെ പാർട്ടിയുമായി നേരിട്ടു ബന്ധപ്പെടുവാൻ സാധിക്കുന്നു. ജാതി – മത ഭേദമെന്യേ എല്ലാ വിഭാഗക്കാർക്കും വൗ ഓഫ് ട്രസ്റ്റ് സേവനം നൽകുന്നതാണ്.

വിവരങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ട ശേഷം വിവാഹബന്ധത്തിലേർപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ***Vow of Trust***

Mulayara, Thingalkarikom P.O., Kulathupuzha-691310, Kerala.
Mob : 9400576842, 9447736842, 9447325461. Email : vowoftrust@gmail.com

നാദാപുരം (കോഴിക്കോട് ജില്ല) ഗ്രാമപഞ്ചായത്തിൽ 3 കോടി ചെലവിൽ "ഇൻഡോർ സ്റ്റേഡിയം"

നാദാപുരം ഗ്രാമപഞ്ചായത്ത് വിലക്കെടുത്ത ഒരു ഏക്കറോളം വരുന്ന സ്ഥലത്ത് 3000 ആളുകൾക്ക് ഇരിക്കാനുള്ള ഗ്യാലറി, കോൺഫറൻസ് ഹാൾ, ഗ്രീൻ റൂം, സ്റ്റേ റൂം, കിച്ചൺ, രണ്ട് വോളിബോൾ കോർട്ട്, ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട്, നാല് ഷട്ടിൽ കോർട്ട് എന്നീ സൗകര്യത്തോടുകൂടി മൂന്നുകോടി രൂപ ചെലവിൽ നിർമ്മിച്ച ഇൻഡോർസ്റ്റേഡിയം 2014 മെയ് 26ന് ഇ.കെ. വിജയൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ സ്പോർട്സ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് ദേശീയ അന്തർദേശീയ താരങ്ങൾ അണി നിരന്ന വോളിബോൾ മത്സരം നടന്നു. കേരളത്തിൽ ആദ്യമായാണ് ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത്.

സ്റ്റേഡിയം എക്കോസ്റ്റിക്കൽ ട്രീറ്റ്മെന്റിന് 84 ലക്ഷം രൂപ അനുവദിക്കുമെന്ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രഖ്യാപിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.പി. ദേവി, അഹമ്മദ് പുന്നക്കൽ എന്നിവർ ആശംസകൾ നേർന്നു. പഞ്ചായത്ത് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി സ്വാഗതവും സെക്രട്ടറി പി. ചന്ദ്രൻ നന്ദിയും പറഞ്ഞു. ◆

പൊൽപ്പുള്ളി (പാലക്കാട് ജില്ല) ഗ്രാമപഞ്ചായത്ത് ആശ്രയത്തിൽ നിന്നും സ്വാശ്രയത്തിലേക്ക്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സഹകരണവും ജീവനക്കാരുടെ കൂട്ടായ്മയും ഒന്നിച്ചുചേർന്ന് ഒരു ഗ്രാമപഞ്ചായത്തിനെ എങ്ങിനെ സ്വാശ്രയത്തിലെത്തിക്കാം എന്നതിന് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് മാതൃകയായിരിക്കുന്നു; ഇച്ഛാശക്തിയുടെ വിജയവും.

പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശമായ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പൂർണ്ണമായും കാർഷിക പ്രധാനമായ ഗ്രാമപഞ്ചായ

ത്താണ് പൊൽപ്പുള്ളി. പച്ചപ്പട്ടുടുത്ത ഗ്രാമീണ സുന്ദരി.

എഴുപതുശതമാനം ഭൂപ്രദേശവും നെൽകൃഷിയുള്ള ഗ്രാമപഞ്ചായത്തിൽ വരുമാനവർദ്ധനവിലുള്ള സാദ്ധ്യതകൾ വളരെ പരിമിതമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നും എങ്ങിനെ സാമ്പത്തിക വളർച്ച എന്നതായി ചിന്ത. പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ സ്വീകരിച്ച ചില നടപടികൾ മറ്റ് ഗ്രാമപഞ്ചായത്തുകൾക്കും സ്വീകരിക്കാവുന്നതാണ്.

വാട്ടർ അതോറിറ്റിയും പഞ്ചായത്തും

വാട്ടർ അതോറിറ്റിയ്ക്ക് 53 പൊതു ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അടച്ചു വന്നത്, ടാപ്പുകളുടെ എണ്ണത്തിലുള്ള സംശയത്തെ തുടർന്ന് താൽക്കാലികമായി നിർത്തൽ ചെയ്തിരുന്നതായി ഗ്രാമപഞ്ചായത്തിന്റെ കാഷ്യർ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് വാട്ടർ അതോറിറ്റിയ്ക്ക് സംയുക്ത പരിശോധനയ്ക്ക് കത്ത് നൽകുകയും, തുടർച്ചയായ സമ്മർദ്ധത്തിനൊടുവിൽ നടത്തിയ പരിശോധനയിൽ വാട്ടർടാപ്പുകളുടെ എണ്ണം 39 എണ്ണം മാത്രമാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതോടെ വാട്ടർ ചാർജ്ജിൽ വാർഷികമായി 49000/- രൂപ കുറവു വരുത്താൻ സാധിച്ചു.

വാട്ടർ അതോറിറ്റി ഈ വിധത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അധികം തുക കൈപ്പറ്റിയതായി ചൂണ്ടിക്കാണിച്ച് തുടർച്ചയായി നടത്തിയ കത്തിടപാടുകളെ തുടർന്ന് ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ 300000/- രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും അധികം കൈപ്പറ്റിയിട്ടുള്ളതായി സമ്മതിച്ചുകൊണ്ട് വാട്ടർ അതോറിറ്റി പഞ്ചായത്തിൽ കത്ത് നൽകുകയുണ്ടായി. ദീർഘകാലാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ലാഭം വളരെ വലുതാണ്.

തെരുവ് വിളക്ക്:

തെരുവ് വിളക്ക് ചാർജ്ജ് കൃത്യമായി അടക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ വലിയൊരു ബാദ്ധ്യതയായിരുന്നു. തെരുവ് വിളക്ക് മീറ്ററിംഗ് വേഗം നടപ്പിലാക്കുന്നതിന് 2 വർഷം മുമ്പ് തന്നെ കെ.എസ്.ഇ.ബി-യിൽ തുക കെട്ടി വെച്ചുവെങ്കിലും മീറ്റർ സ്ഥാപിക്കൽ യാഥാർത്ഥ്യമായിട്ടില്ല; ഇത് പൊതുവായ സ്ഥിതിയുമാണല്ലോ? വിവിധ വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിലെ 600ൽ അധികം തെരുവ് വിളക്കുകളും സി.എഫ്.എല്ലും ട്യൂബ് ലൈറ്റും ആക്കി മാറ്റിയിരുന്നു. ആയതു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് ചാർജ്ജ് പുനർ നിർണ്ണയിച്ചു തരണമെന്ന് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തുകയും ചാർജ്ജ് പുനർനിർണ്ണയിക്കുകയും ചെയ്തു. തെരുവ് വിളക്ക് ചാർജ്ജ് മാസം 42000/- ആയിരുന്നത് പുനർനിർണ്ണയിച്ചതോടെ മാസം 21000/- ആയി കുറഞ്ഞു. ഈ ഇനത്തിൽ വാർഷിക ലാഭം 250000/- രൂപയാണ്.

നികുതി നിർണ്ണയവും പിരിച്ചെടുക്കലും

വസ്തുനികുതി പരിഷ്കരണത്തിലും പിരിച്ചെടുക്കലിലും ശ്രദ്ധേയമായ പ്രവർത്തനം നടത്താൻ കഴിഞ്ഞതാണ് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് സഹായകരമായത്. 2010-ലെ ഡി.സി.ബി പ്രകാരം വസ്തുനികുതി 600000/- രൂപ ആയിരുന്നത് 2014 ൽ 1090982/- രൂപ ആയി ഉയർത്തുവാൻ കഴിഞ്ഞു.

പദ്ധതി ആസൂത്രണവും തനതുഫണ്ടിന്റെ മിച്ചവും

മുൻ വർഷങ്ങളിൽ പട്ടികജാതിവിഭാഗത്തിൽ ചെലവു കുറഞ്ഞതിനാൽ പൊതുവിഭാഗം ഫണ്ടിൽ കുറവു വന്നത് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അധിക ബാദ്ധ്യത സൃഷ്ടിച്ചിരുന്നു. എന്നാൽ പട്ടികജാതി വിഭാഗക്കാർക്ക് ഏറ്റവും സഹായകരമായ വിവാഹ ധനസഹായം പോലുള്ള പദ്ധതികളിൽ കൂടുതൽ തുക ചെലവു ചെയ്ത് ആ കോട്ടം നികത്തിയതോടെ തനതുഫണ്ടിലെ അധിക ബാദ്ധ്യതകളും ഒഴിവാക്കാൻ സാധിച്ചു.

ഗ്യാപ് ഫണ്ട്:

മുൻ വർഷങ്ങളിലെ തനതു ഫണ്ടിലെ വരവുചെലവ് കണക്ക് കൃത്യമായി ഫണ്ടിലെ കുറവ് രേഖാമൂലം ലോക്കൽ ഫണ്ട് ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്താൻ അക്കൗണ്ടന്റിന് കഴിഞ്ഞതിനാൽ 2013-14 വർഷത്തിൽ 5 ലക്ഷം രൂപ ഗ്യാപ് ഫണ്ടിനത്തിലും ഗ്രാമപഞ്ചായത്തിന് ലഭിക്കുകയുണ്ടായി. 2014-15 മുതൽ ഗ്യാപ് ഫണ്ടില്ലാതെ പ്രവർത്തിക്കാൻ ഗ്രാമപഞ്ചായത്തിന് സാദ്ധ്യമായിരിക്കുകയാണ്.

ഈ വിധത്തിൽ വിവിധ ഇനങ്ങളിലായി 10 ലക്ഷം രൂപയുടെ അധിക വരുമാനം കണ്ടെത്തിയപ്പോൾ 5 ലക്ഷത്തിലധികം രൂപ ചെലവിനത്തിൽ കുറവുവരുത്തുന്നതിനും സാധിച്ചു. ജീവനക്കാരുടെ ആനുകൂല്യമടക്കം കുടിശ്ശികയായിരുന്നത് കൊടുത്തു തീർക്കാനും തെരുവ് വിളക്ക് ഇനത്തിൽ കുടിശ്ശികയായിരുന്ന 6 ലക്ഷത്തിലധികം രൂപ അടക്കാനും സാധിച്ചു.

മേൽ സൂചിപ്പിച്ചവയിൽ വാട്ടർ അതോറിറ്റി ചാർജ്ജ്, തെരുവ് വിളക്ക് ചാർജ്ജ് എന്നിവ സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്ന സാദ്ധ്യതകളാണ്.

പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടെ പഞ്ചായത്ത് സെക്രട്ടറി അജിത് എഴക്കാടിന്റെ നേതൃത്വത്തിൽ എല്ലാ ഉദ്യോഗസ്ഥരുടെയും ആത്മാർപ്പണം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സഹായകരമായി എന്നു പറയുന്നതിൽ വലിയ ചാരിതാർത്ഥ്യവും അഭിമാനവുമുണ്ട്. ◆

ഗ്രാമപഞ്ചായത്തുകൾ: ഉയർന്ന ജനസംഖ്യ പുനഃസംവിധാനം അനിവാര്യം

ഡോ.സി.പ്രദീപ്
ഗാന്ധി മീഡിയ ഫൗണ്ടേഷൻ സെക്രട്ടറി

ഗ്രാമപഞ്ചായത്ത് തലത്തിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമാണ് കേരളം. ദേശീയതലത്തിൽ ഒരു ഗ്രാമപഞ്ചായത്തിൽ ശരാശരി 3097 ജനങ്ങൾ വസിക്കുമ്പോൾ കേരളത്തിൽ ഇത് 28360 ആണ്. ഭരണഘടന ഭേദഗതിയിലൂടെ ലഭിച്ച ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഏൽപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും, പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ എത്തിചേരുന്നതിനും, വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കുന്നതിനുമെല്ലാം ഉയർന്ന ജനസംഖ്യ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പുനസംവിധാനം എത്രത്തോളം അനിവാര്യമാണെന്ന് 2011 സെൻസസ് കണക്കുകളുടെ വെളിച്ചത്തിൽ പരിശോധിക്കുകയാണ് ലേഖകൻ.

ഒരു ഗ്രാമപഞ്ചായത്തിന് അനുയോജ്യമായ ജനസംഖ്യ എത്രയാണെന്നുള്ള വിഷയം ഇന്ത്യയിലെ നയരൂപീകരണ ഏജൻസികളെല്ലാം നിരവധി വർഷമായി ചർച്ച ചെയ്യുന്ന വിഷയമാണ്. 1963 ലെ മൈസൂർ സർക്കാരിന്റെ കമ്മിറ്റി ഏറ്റവും കുറഞ്ഞ ജനസംഖ്യ 500 എങ്കിലും വേണമെന്ന് നിർദ്ദേശിച്ചു. 1965 ലെ റാംമൂർത്തി കമ്മിറ്റി ഏറ്റവും കുറഞ്ഞത് 1000 ജനസംഖ്യയെങ്കിലും വേണമെന്ന് നിർദ്ദേശിച്ചു. 1967 ലെ അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശം 3000 ത്തിനും 5000 ത്തിനും ഇടയിലുള്ള ജനസംഖ്യയാണ്. 1973 ലെ തമിഴ്നാട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് 5000 ആയിരിക്കണമെന്ന് നിർദ്ദേശിച്ചു. 1977 ലെ അശോക് മേത്ത കമ്മിറ്റിയും കുറഞ്ഞ ജനസംഖ്യകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഈ കമ്മിറ്റികളെല്ലാം ഒരു ഗ്രാമപഞ്ചായത്തിൽ കുറഞ്ഞ ജനസംഖ്യ എത്രവേണമെന്നാണ് പഠനവിഷയമാക്കിയത്. എന്നാൽ കേരളം നേരിടുന്ന പ്രധാന വെല്ലുവിളി ഒരു ഗ്രാമപഞ്ചായത്തിൽ എത്രവരെ ജനസംഖ്യ ആകാമെന്നുള്ളതാണ്.

73-ാം ഭരണഘടനാ ഭേദഗതിയുടെ 243 (ജി) യിൽ ഗ്രാമപഞ്ചായത്തുകളിലെ കുറഞ്ഞ ജനസംഖ്യയെകുറിച്ചോ പരമാവധി ജനസംഖ്യയെകുറിച്ചോ പരാമർശിക്കുന്നില്ല. ഇതിനെ സംബന്ധിച്ചുള്ള തീരുമാനമെടുക്കുവാൻ സംസ്ഥാന സർക്കാരുകളെ ഏൽപിച്ചിരിക്കുകയാണ്. ചില സംസ്ഥാന സർക്കാരുകൾ പഞ്ചായത്തീരാജ് നിയമത്തിൽ ജനസംഖ്യയെകുറിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. ഉദാഹരണമായി പഞ്ചാബിലും തമിഴ്നാട്ടിലും കുറഞ്ഞത് 500 ഉം ഒഡീഷയിൽ 1500 ഉം കർണാടകയിൽ 2000 ഉം ജനസംഖ്യ ഒരു ഗ്രാമപഞ്ചായത്തിൽ ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളം ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ ഒരു വില്ലേജിന് ഒരു ഗ്രാമപഞ്ചായത്ത് എന്നുള്ളതാണ് അംഗീകൃത നയം.

അരുണാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ആയിരത്തിൽ താഴെ മാത്രമാണ് ഗ്രാമപഞ്ചായത്ത് ജനസംഖ്യ. ഗ്രാമപഞ്ചായത്ത് ജനസംഖ്യ കേരളത്തിലാണ് ഏറ്റവും കൂടുതലാണെന്നു മാത്രമല്ല ഒരു ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 40 സ്ക്വയർ കിലോമീറ്ററാണ്. പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾ തന്നെ വളരെകുറവാണ്. ദേശീയതലത്തിൽ 25 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയും 3097 ജനസംഖ്യയും ആയിരിക്കുമ്പോഴാണ് കേരളത്തിൽ 40 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയും 28360 ജനസംഖ്യയുമുള്ളത്.

ദേശീയതലത്തിൽ ഒരു ഗ്രാമപഞ്ചായത്തിൽ ശരാശരി 3097 ജനങ്ങൾ വസിക്കുമ്പോൾ കേരളത്തിൽ ഇത് 28360 ആണ്. ഭരണഘടന ഭേദഗതിയിലൂടെ ലഭിച്ച ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും, കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഏൽപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും, പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ എത്തിചേരുന്നതിനും, വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കുന്നതിനുമെല്ലാം ഉയർന്ന ജനസംഖ്യ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

പട്ടിക – ഒന്ന്
പഞ്ചായത്തുതല ജനസംഖ്യ – വിവിധ സംസ്ഥാനങ്ങളിൽ – 2013

നമ്പർ	സംസ്ഥാനം	പഞ്ചായത്ത് ചുറ്റളവ് (സ്ക്വ. കിലോമീറ്റർ)	പഞ്ചായത്ത് ജനസംഖ്യ
1.	ആന്ധ്രാപ്രദേശ്	13	2558
2.	അരുണാചൽ പ്രദേശ്	47	489
3.	ആസാം	36	10543
4.	ബീഹാർ	11	8837
5.	ഛത്തീസ്ഗഢ്	14	1710
6.	ഗോവ	20	3582
7.	ഗുജറാത്ത്	14	2301
8.	ഹരിയാന	7	2471
9.	ഹിമാചൽ പ്രദേശ്	17	1691
10.	ജമ്മു ആന്റ് കാശ്മീർ	54	1843
11.	ജാർഖണ്ഡ്	18	4737
12.	കർണാടക	34	6200
13.	കേരള	40	24105*
14.	മധ്യപ്രദേശ്	13	1929
15.	മഹാരാഷ്ട്ര	11	1999
16.	മണിപ്പൂർ	139	9881
17.	ഒഡീഷ	25	5020
18.	പഞ്ചാബ്	4	1260
19.	രാജസ്ഥാൻ	37	4718
20.	സിക്കിം	21	1411
21.	തമിഴ്നാട്	10	2788
22.	ത്രിപുര	21	5193
23.	ഉത്തർപ്രദേശ്	5	2536
24.	ഉത്തരാഖണ്ഡ്	7	835
25.	പശ്ചിമബംഗാൾ	27	17244
26.	ദേശീയ ശരാശരി	25	3097

ശ്രോതസ് : 1. 11 PA യുടെയും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെയും കണക്കുകൾ.
2. * ലേഖകന്റെ കണക്കുപ്രകാരം 28360 ആണ് കേരളത്തിലെ പഞ്ചായത്തുതല ജനസംഖ്യ

പട്ടിക – മൂന്ന്
ഗ്രാമപഞ്ചായത്ത് ജില്ലാതല ജനസംഖ്യാവിതരണം – 2011

ജില്ലാ	0 – 10,000	10,001– 20,000	20,001– 30,000	30,001– 40,000	40,001– 50,000	50,001– 60,000	60,001 – 70,000	70,001 – 80,000	ആകെ
തിരുവനന്തപുരം	0	13	28	23	7	2	0	0	73
കൊല്ലം	1	8	26	22	8	4	1	0	70
പത്തനംതിട്ട	1	30	17	4	2	0	0	0	54
ആലപ്പുഴ	2	23	31	12	3	2	0	0	73
കോട്ടയം	2	26	27	13	5	0	0	0	73
ഇടുക്കി	3	27	16	3	4	0	0	0	53
എറണാകുളം	0	28	29	15	9	2	0	1	84
തൃശൂർ	1	8	47	24	8	0	0	0	88
പാലക്കാട്	1	15	41	28	4	2	0	0	91
മലപ്പുറം	0	1	25	43	23	6	1	1	100
കോഴിക്കോട്	0	10	28	20	12	2	3	0	75
വയനാട്	0	5	6	9	5	0	0	0	25
കണ്ണൂർ	2	20	30	25	4	0	0	0	81
കാസർകോട്	0	4	20	6	6	2	0	0	38
ആകെ	13	218	371	247	100	22	5	2	978

ശ്രോതസ് : സെൻസസ് 2011 റിപ്പോർട്ടിൽ നിന്നും ലേഖകൻ കണക്ക് കൂട്ടിയത്

പട്ടിക – രണ്ട്
കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ – 2011

ഗ്രാമപഞ്ചായത്ത് ജനസംഖ്യ	എണ്ണം	%
0 – 10,000	13	1.3
10,001 – 20,000	218	22.3
20,001 – 30,000	371	37.9
30,001 – 40,000	247	25.3
40,001 – 50,000	100	10.2
50,001 – 60,000	22	2.3
60,001 – 70,000	5	0.5
70,001 – 80,000	2	0.2
ആകെ	**978**	**100.0**

ശ്രോതസ് : 2011 സെൻസസ് റിപ്പോർട്ടിൽ നിന്നും കണക്കാക്കിയത്

2011 സെൻസസ് കണക്കുകൾ പ്രകാരം പതിനായിരത്തിൽ താഴെ (ദേശീയ ശരാശരി 3097) ജനസംഖ്യയുള്ള 1.3 ശതമാനം ഗ്രാമപഞ്ചായത്തുകൾ മാത്രമെ കേരളത്തിൽ നിലവിലുള്ളു. 129 ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ 40,000 ത്തിലധികമാണ്. ഒരു ഗ്രാമപഞ്ചായത്തിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നതിലുമധികമാണ് ഇത്. ഉയർന്ന ജനസംഖ്യ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ വിഭജിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പട്ടിക – മൂന്നിൽ വിവിധ ജില്ലകളിലെ ഗ്രാമപഞ്ചായത്ത് ജനസംഖ്യാ വിവരണം നൽകിയിരിക്കുന്നു. ജനസംഖ്യയിൽ നാൽപതിനായിരത്തിൽ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾ മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ്. തിരുവനന്തപുരം ജില്ലയിൽ 9, കൊല്ലം ജില്ലയിൽ 13, പത്തനംതിട്ട ജില്ലയിൽ 2, ആലപ്പുഴ ജില്ലയിൽ 5, കോട്ടയം ജില്ലയിൽ 5, ഇടുക്കി ജില്ലയിൽ 4, എറണാകുളം ജില്ലയിൽ 12, തൃശൂർ ജില്ലയിൽ 8, പാലക്കാട് ജില്ലയിൽ 6, മലപ്പുറം ജില്ലയിൽ 31, കോഴിക്കോട് ജില്ലയിൽ 17, വയനാട് ജില്ലയിൽ 5, കണ്ണൂർ ജില്ലയിൽ 34, കാസർകോട് ജില്ലയിൽ 8 ഉൾപ്പെടെയുള്ള 127 ഗ്രാമപഞ്ചാത്തുകളെയാണ് പുനസംവിധാനത്തിന് വിധേയമാക്കേണ്ടത്.

ശേഷം 31-ാം പേജിൽ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011

മലയാളത്തിൽ വിൽപനയ്ക്ക് തയ്യാർ

2014ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ **[SRO No. 26/2014 dt. 13/1/2014]** ഉൾപ്പെടെ ഇതുവരെയുള്ള എല്ലാ സർക്കുലറുകളും ഉത്തരവുകളും, കോടതി വിധികളും അതത് ചട്ടങ്ങളിൽ (പ്രത്യേകം കോളങ്ങളിൽ) വ്യാഖ്യാന സഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്

തയ്യാറാക്കിയത് സിന്ധു ബർണാർഡ് LL.M. അഡ്വക്കേറ്റ്, തൃശൂർ.

ഉള്ളടക്കം

ദ്രുത വീക്ഷണ സഹായി [Quick View Referencer] **കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, 2011** *[എല്ലാ പ്രധാന കോടതി വിധികളും അനുബന്ധ സർക്കുലറുകളും അതത് ചട്ടങ്ങളുടെ കീഴിൽ (പ്രത്യേകം കോളങ്ങളിൽ) വ്യാഖ്യാന സഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളത്.]* **ഇനം-I ഗ്രാമപഞ്ചായത്തുകളുടെയും ഇനം–II ഗ്രാമപഞ്ചായത്തുകളുടെയും വിജ്ഞാപനം.** [G.O. (MS) No. 64/2011/LSGD 26/2/2011] **41–ഓളം പ്രധാനപ്പെട്ട സർക്കുലറുകളും ഉത്തരവുകളും** **കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണസംവിധാനത്തിന്റെ വിശദീകരണകുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും** **തറ വിസ്തീർണ്ണാനുപാതം [F.A.R]** **1994–ലെ കേരള പഞ്ചായത്ത് രാജ് നിയമം** (പ്രസക്തഭാഗങ്ങൾ) **1959–ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ** (പ്രസക്തഭാഗങ്ങൾ) **2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം** **THE KERALA LIFTS AND ESCALATORS RULES, 2012** **ഭൂമി പ്രയോജനപ്പെടുത്തൽ ഉത്തരവ്, 1967** **നഗരാസൂത്രണ നിയമം**

1–ാം പതിപ്പ് 2014 | **370 പേജ്** | **വില 340 രൂപ**

ഈ പുസ്തകം ഞങ്ങളുടെ ഷോറൂമുകളിൽ നിന്നും നേരിട്ടുവാങ്ങുന്നവർക്കു 300 രൂപയ്ക്ക് ലഭിക്കുന്നതായിരിക്കും [ക്യാഷ് പർച്ചേസിംഗിനു മാത്രം]. 20-ഓ അതിൽ കൂടുതലോ കോപ്പികൾ ഒന്നിച്ച് പർച്ചേസ് ചെയ്യുന്നവർക്ക് ഡിസ്കൗണ്ട് റേറ്റിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്.

പുസ്തകം തപാലിൽ ലഭിക്കുന്നതിനായി പുസ്തകത്തിന്റെ വിലയായ 340 രൂപ M.O.ആയോ D.D. ആയോ താങ്കളുടെ വിലാസവും ഫോൺ നമ്പരും സഹിതം താഴെ കാണുന്ന അഡ്രസ്സിൽ അയക്കുകയോ അല്ലെങ്കിൽ താഴെ പറഞ്ഞിരിക്കുന്ന ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയോ ചെയ്താൽ പുസ്തകം കൊറിയറിൽ അയച്ചു തരുന്നതാണ്.

M/s. സ്വാമി ലാ ഹൗസ്

ബാങ്ക് : എസ്. ബി. ടി., എം. ജി. റോഡ് ബ്രാഞ്ച്, എറണാകുളം.

അക്കൗണ്ട് നമ്പർ : CC 5 7 0 6 7 3 2 8 4 6 5

DISTRIBUTORS

SWAMY LAW HOUSE

LAW BOOK SELLERS AND PUBLISHERS

Doraiswamy Iyer Road, (Opp. Raymonds Showroom, M.G. Rd) Ernakulam - 682 035.
Br.: I[st] Floor, Carmel Centre, (Opp. HDFC Bank) Banerjee Road, Ernakulam - 682 018.

☎ 2361341 :: 2366285 🖷 2366285 ▯ 94460 46285 ☎ 2398104 (Br.) ▯ 94460 61341 (Br.)

Email : swamylawhouse@gmail.com Visit us at : www.swamylawhouse.com

മഴക്കാലത്ത് നശിക്കുന്ന മത്സ്യവർഗ്ഗങ്ങൾ

ബിന്ദുരാജ്.എം.എ

വേനലിന്റെ ചൂട് ഉരുകിയുരുകി കുറഞ്ഞു.

മേടത്തിന്റെ ധവളമായ മേനിയെ തഴുകിയുറക്കിക്കൊണ്ട് ഇടവം കടന്നു വന്നു. ഇരുണ്ട് തുടങ്ങിയ പടിഞ്ഞാറൻ ചക്രവാളത്തിൽ നിന്നും കറുത്ത് ഭീമാകാരമായ കരിവീരൻമാർ പതുക്കെ പറന്ന് ഉയർന്ന് മാനം നിറച്ചു.

താഴെ ഭൂമി ദേവിയുടെ മാറിലെ തണ്ണീർതടങ്ങളും, പുഴകളും, കൊയ്ത്ത് കഴിഞ്ഞ വയലുകളും കിണറുകളും ആർത്തിയോടെ കണ്ണും നട്ട് നിന്നു. എങ്ങു നിന്നൊ പറന്നു വന്ന മലമുഴക്കി വേഴാമ്പൽ പാടത്തേക്ക് ചാഞ്ഞ് നിന്ന ഉണങ്ങിയ മാവിന്റെ ചില്ലയിലിരുന്ന് ഉച്ചത്തിൽ ചിലച്ചു.

ഇടവപ്പാതി ഇത്തവണ നേരത്തേയാണല്ലോ? മഴ തകർക്കുമെന്നാണ് തോന്നുന്നത്!

ഇങ്ങനെ പറഞ്ഞ് കാരണവർ കണ്ടത്തിൽ നിന്നും കയറി ഒരു വാഴയില വെട്ടി വീട്ടിലേക്ക് നടന്നു.

ഉഗ്രൻ മഴ വരുന്നു!

അയൽക്കൂട്ടം നേരത്തെ അവസാനിപ്പിച്ച് കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾ വീടുകളിലേക്ക് അതി ശീഘ്രം യാത്രയായി.

പാടത്തിന് കുറുകെ വലിച്ച് കെട്ടിയിരുന്ന വൈദ്യുത ലൈൻ കമ്പിയിൽ കൊറ്റികളും പൊൻമാൻമാരും പറന്നിരുന്നു.

കണ്ണഞ്ചിപ്പിക്കുന്ന ഒരു ഇടിവാൾ വീശി. തുടർന്ന് കാതടപ്പിക്കുന്ന ഒച്ചയിൽ ഇടിയുംവെട്ടി. അന്തരീക്ഷത്തിന്റെ ഏതോ കോണിൽ നിന്നും തണുത്ത കാറ്റ് വീശിയടിച്ചു.

ബ്ലും!

അങ്കണത്തിലെ മണൽത്തരിയിൽ ആദ്യത്തെ മഴത്തുള്ളി പതിച്ചു. ഹുങ്കാര ശബ്ദത്തോടെ മഴ ഭൂമിയിലേക്ക് ആഞ്ഞ് പതിച്ചു. എല്ലാറ്റിനേയും മറച്ചു കൊണ്ട് മഴ എന്ന യവനിക എങ്ങും നിറഞ്ഞു. മണിക്കൂറുകൾ, രാപ്പകലുകൾ, ദിനങ്ങൾ, മഴതകർത്ത് പെയ്തു.

കാക്ക നനഞ്ഞിറങ്ങി.

പുഴകളും തോടുകളും നിറഞ്ഞ് കവിഞ്ഞു.

ജലാശയങ്ങളായി മാറിയ വയലുകളിൽ മഴത്തുള്ളികൾ സ്നേഹ സംഗീതം പൊഴിച്ച് പതിച്ചു കൊണ്ടിരുന്നു. പുഴകൾ നിറഞ്ഞ് കവിഞ്ഞ് സമീപ പ്രദേശങ്ങളിലേക്ക് പടർന്ന് കയറി. വയലുകളിലേക്കും തോടുകളിലേക്കും പുഴ വളർന്നു. മഴവെള്ളം നിറഞ്ഞ വയലുകളിലും തോടുകളിലും പുഴയിൽ നിന്നും പുതിയ

അയൽക്കാർ വന്നെത്തി. വരാൽ, കാരി, കൂരി, ചെമ്പല്ലി, പരല്, കുറുവ, കൂരൽ, പൂവാലിപ്പരൽ, ആരല്, വാള, മനഞ്ഞിൽ തുടങ്ങിയ പുഴ മത്സ്യങ്ങളുടെ മഴക്കാല സമ്മേളനം വയലുകളിലും തോടുകളിലും സമാരംഭിച്ചു.

രാത്രികാലത്ത് വയലുകളിൽ മഴവകവെക്കാതെ അങ്ങിങ്ങ് പെട്രോമാക്സിന്റെ വെളിച്ചം കാണാൻ കഴിഞ്ഞു. നാട്ടുകാർ ചെറു സംഘങ്ങളായിത്തിരിഞ്ഞ് വലവീശിയും ചൂണ്ടയിട്ടും കത്തിക്ക് വെട്ടിയും ഒക്കെ മഴയത്ത് വന്നെത്തിയ അതിഥികളെ സഞ്ചിയിലാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും ആഹ്ലാദചിത്തർ.. ഓരോ സംഘത്തിനും ആവശ്യത്തിലേറെ പുഴമത്സ്യങ്ങളെ ലഭ്യമായി. എല്ലാ വീട്ടിലും പൊരിക്കുകയും കരിക്കുകയും ചെയ്യുന്നതിന്റെ കൊതിയൂറുന്ന സുഖകരമായ മണം നിറഞ്ഞു.

പക്ഷെ നാം ഈ ചെയ്യുന്നത് ന്യായമാണൊ? മത്സ്യത്തിന്റെ ലഭ്യതയെക്കുറിച്ച് ആശങ്കാകുലരാകുന്ന നമ്മൾ എന്തുകൊണ്ട് അവ ദുർലഭമാകുന്നു എന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടൊ? മഴക്കാലത്ത് പുഴയിൽ നിന്നും ഈ മത്സ്യ ഇനങ്ങൾ കൂട്ടത്തോടെ വയലുകളിലേക്കും തോടുകളിലേക്കും എന്തുകൊണ്ടാണ് വന്നെത്തുന്നത് എന്നതിന്റെ ശാസ്ത്രീയ വശം നാം തിരക്കിയിട്ടുണ്ടൊ?

ഇല്ല എന്ന് ശരിക്കും സംശയിക്കേണ്ടിയിരിക്കുന്നു. മധ്യകേരളത്തിലും ഉത്തര കേരളത്തിലും മേൽപ്പറഞ്ഞ മഴക്കാല മത്സ്യവേട്ട വ്യാപകമാണ്. മീനം, മേടം, ഇടവം മാസങ്ങൾ എന്നു പറയുന്നത് മത്സ്യങ്ങളുടെ പ്രജനന കാലമാണ്. കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതിന് മത്സ്യങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ വയലുകളും തോടുകളുമാണ്. അവിടെയാകുമ്പോൾ ആഹാര സമ്പാദനത്തിനും വലിയ മീനുകൾ കുഞ്ഞുങ്ങളെ ആക്രമിക്കുന്നതിനുള്ള സാധ്യതകളും ജലത്തിന്റെ ഒഴുക്കും തുലോം കുറവാണ്. പക്ഷെ പ്രജനനത്തിനായി മത്സ്യങ്ങൾ തിരഞ്ഞെടുക്കുന്ന ഇത്തരം പ്രദേശത്ത് അവ പ്രതീക്ഷിക്കുന്നതിലും വലിയ വിപത്ത് അല്ലെങ്കിൽ ഭീഷണി മനുഷ്യന്റെ രൂപത്തിൽ കാത്തിരിക്കുന്നത് അവർ അറിയുന്നില്ല. മഴക്കാലത്ത് വയലുകളിലും തോടുകളിലും നിന്നും ലഭ്യമാകുന്ന മത്സ്യങ്ങളിൽ തൊണ്ണൂറ്റിയഞ്ച് ശതമാനം എണ്ണത്തിന്റെയും വയറിനുള്ളിൽ പ്രജനനത്തിന് തയ്യാറെടുത്തിരിക്കുന്ന മുട്ടകൾ കാണാൻ സാധിക്കും. ഈ ഭൂമിയിൽ ജന്മം എടുക്കാൻ തയ്യാറെടുത്തിരുന്ന കോടിക്കണക്കിന് മത്സ്യങ്ങളെയാണ് ആർത്തിയും ദുരയും മൂത്ത മനുഷ്യന്റെ കുത്സിത പ്രവർത്തനങ്ങൾ മുഖാന്തിരം നഷ്ടപ്പെടുന്നത് ഇതിന്റെ ഫലമോ! മത്സ്യങ്ങളുടെ ലഭ്യതയിൽ ഗണ്യമായ കുറവും ഉണ്ടാകുന്നു.

മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് അടിയന്തിരമായി ചെയ്യാൻ കഴിയുന്നത് മത്സ്യങ്ങളെ പ്രജനനം നടത്തുന്നതിന് അനുവദിക്കുക എന്നുള്ളതാണ്. സമുദ്രത്തിലെ മത്സ്യങ്ങളെ പ്രജനനത്തിനും വളരുന്നതിനും അവസരം ഒരുക്കുന്നതിനായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് പോലെ മഴക്കാല വയൽ/തോട് മത്സ്യബന്ധനം നിയമം മൂലം നിരോധിക്കേണ്ടതാണ്.

മഴക്കാലങ്ങളിലെ വയൽ, തോട് മീൻപിടുത്തം ഇന്നോ ഇന്നലെയൊ തുടങ്ങിയതല്ല. എന്നാൽ പണ്ട് കാലങ്ങളിൽ വളരെ കുറച്ച് മനുഷ്യർ മാത്രമെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുള്ളു. അതുകൊണ്ട് തന്നെ അവയെ പിടികൂടുന്നതും കുറവായിരുന്നു.

വൻ ജനകൂട്ടമാണ് ഇന്ന് മഴക്കാല വയൽ തോട് മീൻപിടുത്തത്തിൽ ഏർപ്പെടുന്നത്. അവരുടെ കൈയിലുള്ള അത്യന്താധുനിക മീൻപിടുത്ത ഉപകരണങ്ങൾ കൊണ്ട് വയലുകളും, തോടുകളും അരിച്ച് കോരി മീൻപിടുത്തം നടത്തുന്നു.

കോഴിക്കോട് ഫിഷറീസ് വകുപ്പ്, ഫിഷ്ഫാർമേഴ്സ് ഡവലപ്മെന്റ് ഏജൻസിയിലെ അക്വാകൾച്ചർ എക്സ്പേർട്ട് (മത്സ്യ പ്രജനന വിദഗ്ധ) ജയന്തി റ്റി.റ്റി. ഈ പ്രവർത്തനങ്ങളെ ഒരു ഭീഷണിയായി വിലയിരുത്തുന്നു.

സാധാരണ ജനങ്ങളുടെ ഭക്ഷണ ക്രമത്തിൽ മത്സ്യം ഒരു അപൂർവ്വ വിഭവമായി മാറി കൊണ്ടിരിക്കുകയാണ്. സമുദ്ര മത്സ്യങ്ങളുടെ ഭാവി ഒട്ടും തന്നെ ശോഭനമല്ല. അവയുടെ സംരക്ഷണ നിയന്ത്രണ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിന് ഉണ്ടായ കാലതാമസ്സമാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നത്. ഉൾനാടൻ മത്സ്യസംരക്ഷണ വിഷയത്തിലും നാം അലംഭാവം തുടരുകയാണെങ്കിൽ വരും കാലങ്ങളിൽ വ്യത്യസ്ഥങ്ങളായ നമ്മുടെ ഉൾനാടൻ മത്സ്യസമ്പത്ത് ചിത്രങ്ങളിലും അക്ഷരങ്ങളിലുമായി മാത്രം അവശേഷിക്കുന്നതാണ്.

....കഴിഞ്ഞ പത്ത് വർഷത്തെ ഉൾനാടൻ മത്സ്യ ലഭ്യത നാം പരിശോധിക്കുകയാണെങ്കിൽ മത്സ്യങ്ങളുടെ എണ്ണത്തിൽ വൻ കുറവ് നമുക്ക് കാണാൻ സാധിക്കും. വ്യത്യസ്ഥങ്ങളായ അനേകം വർഗത്തിലുള്ള മത്സ്യങ്ങളുടെ ഉറവിടമായിരുന്നു നമ്മുടെ പുഴകളും, നദികളും, അരുവികളും ഒക്കെ. പക്ഷെ ഇന്ന് അവയൊക്കെ കേട്ടുകേൾവി മാത്രമായിത്തീർന്നിരിക്കുന്നു. ഇതിന് കാരണം മത്സ്യങ്ങളുടെ സുരക്ഷിതമായ പ്രജനന സ്ഥലങ്ങൾ ഇല്ലാതാകുന്നു എന്നതാണ്. മത്സ്യങ്ങൾ പ്രജനനത്തിന് തയ്യാറെടുത്ത് ചെന്നെത്തുന്ന വയലുകളിൽ നിന്നും തോടുകളിൽ നിന്നും അവയെ വംശവർദ്ധനവിന് അനുവദിക്കാതെ നിർദ്ദാക്ഷണ്യം മനുഷ്യൻ പിടിക്കുകയാണ്.!

ജയന്തി റ്റി.റ്റി ചൂണ്ടിക്കാണിക്കുന്നു.

....ശൈശവദശയിലുള്ള മത്സ്യക്കുഞ്ഞുങ്ങളെപ്പോലും ആർത്തി മൂത്ത മനുഷ്യർ വെറുതെ വിടുന്നില്ല. ഉത്തരമധ്യ കേരളത്തിലെ ചില ഭോജന ശാലകളിൽ പൊടിമീൻ ഫ്രൈ എന്ന പേരിൽ ലഭിക്കുന്നത് നിർഭാഗ്യരായ ഈ മത്സ്യക്കുഞ്ഞുങ്ങളെയാണ്.

ജയന്തി. പറഞ്ഞു.

വരാൽ പോലെയുള്ള മത്സ്യങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ രക്ഷയെക്കരുതി പലപ്പോഴും അറിഞ്ഞുകൊണ്ട് ചൂണ്ടക്ക് സ്വയം പിടി നൽകി അക്ഷരാർത്ഥത്തിൽ ആത്മഹത്യ തന്നെ നടത്താറുണ്ട് എന്ന വിവരം ജയന്തി റ്റി.റ്റി വെളിപ്പെടുത്തി.

വ്യത്യസ്ഥങ്ങളും സ്വാദിഷ്ടവുമായ അപൂർവ്വ ഇനത്തിൽപ്പെടുന്ന അനേകം മത്സ്യങ്ങൾ കേരളത്തിലെ പുഴകളിലും നദികളിലും ഉണ്ടായിരുന്നു. ഇന്ന് അവയിൽ മിക്കതിനും വംശനാശം സംഭവിച്ച് കഴിഞ്ഞിരിക്കുന്നു. മറ്റ് ചിലവ വംശനാശത്തിന്റെ വക്കിലും ചെന്നെത്തിയിരിക്കുകയാണ്. ഇത്തരം പ്രവണത തുടർന്ന് പോവുകയാണെങ്കിൽ നമ്മുടെ നാടിന്റെ തനതായ ഉൾനാടൻ മത്സ്യസമ്പത്ത് വിസ്മൃതിയിലാണ്ടുപോകും എന്നതിന് സംശയമില്ല.

ഇത്തരം ഭീഷണികളെ എങ്ങനെ ഫലപ്രദമായി നേരിടാം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെയും പ്രവർത്തിക്കേണ്ടതിന്റെയും സമയം അതിക്രമിച്ചിരിക്കുകയാണ്. മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് അടിയന്തിരമായി ചെയ്യാൻ കഴിയുന്നത് മത്സ്യങ്ങളെ പ്രജനനം നടത്തുന്നതിന് അനുവദിക്കുക എന്നുള്ളതാണ്. സമുദ്രത്തിലെ മത്സ്യങ്ങളെ പ്രജനനത്തിനും വളരുന്നതിനും അവസരം ഒരുക്കുന്നതിനായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് പോലെ മഴക്കാല വയൽ/തോട് മത്സ്യബന്ധനം നിയമം മൂലം നിരോധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി മേൽപ്പറഞ്ഞ പ്രക്രിയ നടപ്പിലാക്കാൻ കഴിയുന്നതാണ്.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയ സ്വയം സഹായ സംഘങ്ങൾക്ക് അടിസ്ഥാന തലത്തിൽ ഇത് ജനകീയമായിത്തന്നെ നടപ്പിലാക്കാൻ സാധിക്കും.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭകളിൽ അനിയന്ത്രിതമായ മഴക്കാല വയൽ / തോട് മത്സ്യബന്ധനങ്ങളുടെ ദോഷഫലങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പിൻതിരിപ്പിക്കാൻ കഴിയും.

ഫിഷറീസ് വകുപ്പിലെ മത്സ്യ പ്രജനനവിദഗ്ധരുടെയും മറ്റ് സാങ്കേതിക വിദഗ്ധരുടെയും സേവനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏത് സമയത്തും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

സമുദ്രത്തിലെ മത്സ്യസമ്പത്ത് ഗണ്യമായ തോതിൽ അമിത ചൂഷണങ്ങൾക്ക് വിധേയമാകുന്നതിനാൽ സമുദ്ര മത്സ്യങ്ങളുടെ ലഭ്യത കുറയുകയും വില വൻ തോതിൽ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണ ജനങ്ങളുടെ ഭക്ഷണ ക്രമത്തിൽ മത്സ്യം ഒരു അപൂർവ്വ വിഭവമായി മാറി കൊണ്ടിരിക്കുകയാണ് . സമുദ്ര മത്സ്യങ്ങളുടെ ഭാവി ഒട്ടും തന്നെ ശോഭനമല്ല. അവയുടെ സംരക്ഷണ നിയന്ത്രണ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിന് ഉണ്ടായ കാലതാമസ്സമാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നത്. ഉൾനാടൻ മത്സ്യസംരക്ഷണ വിഷയത്തിലും നാം അലംഭാവം തുടരുകയാണെങ്കിൽ വരും കാലങ്ങളിൽ വ്യത്യസ്ഥങ്ങളായ നമ്മുടെ ഉൾനാടൻ മത്സ്യസമ്പത്ത് ചിത്രങ്ങളിലും അക്ഷരങ്ങളിലുമായി മാത്രം അവശേഷിക്കുന്നതാണ്.

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ
അസിസ്റ്റന്റ് സെക്രട്ടറിയാണ്

നല്ല പരിസരത്തിനായി യത്നിക്കാം

വിനു എ.

നഗരങ്ങളും നഗരസ്വഭാവമാർജ്ജിച്ച് ഗ്രാമങ്ങളും അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യം തന്നെയാണ്. മഴയെത്തുന്നതോടെ ഇതുയർത്തുന്നത് വലിയ വെല്ലുവിളികളാണ്. ആരോഗ്യവും സന്തോഷവും ഐശ്വര്യപൂർണവുമായ ജീവിതസാഹചര്യം ഒരുക്കുന്നതിൽ ശുചിത്വത്തിന് പ്രധാനമായ പങ്കുണ്ട്. ശുചിത്വ ശീലങ്ങളിൽ ജനതയുടെ ജീവിതരീതിയും സംസ്കാരവും നിഴലിക്കുന്നതായി കാണാം. വ്യക്തിശുചിത്വം, ഗൃഹശുചിത്വം, പരിസര ശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവ്യമാലിന്യപരിപാലനം, സുരക്ഷിതമായ കുടിവെള്ളലഭ്യത തുടങ്ങിയവയൊക്കെ ശുചിത്വപൂർണ്ണമായ ജീവിതത്തിന്റെ ഘടകങ്ങളാണ്. മലയാളികൾ പൊതുവേ വ്യക്തി, ഗൃഹശുചിത്വങ്ങളിൽ കർക്കശമായ ചിട്ടകൾ പാലിക്കുമ്പോൾ മറ്റുള്ളവയിൽ വേണ്ടത്ര ശ്രദ്ധ കാണിക്കാറില്ല. ആരോഗ്യപരിപാലനരംഗത്ത് വർഷങ്ങളായുള്ള പരിശ്രമത്തിലൂടെ വിവിധ തരം പകർച്ചവ്യാധികളെ ഇല്ലാതാക്കാനോ ഒരു പരിധി വരെ നിയന്ത്രിക്കാനോ നമുക്ക് സാധിച്ചു. ഇതിലൂടെ നാം ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുന്നിലുമാണ്. എന്നാൽ പരിസരശുചിത്വത്തിൽ നാം മതിയായ ശ്രദ്ധ പതിപ്പിക്കുന്നില്ലെങ്കിൽ പകർച്ചവ്യാധികളെ നാം തിരികെ കൊണ്ടുവരികയാവും ചെയ്യുക.

പരിസര ശുചിത്വത്തിന് പകർച്ചവ്യാധികൾക്കെതിരായ പ്രതിരോധ പ്രവർത്തനത്തിൽ പ്രധാനപ്പെട്ട പങ്കാണുള്ളത്. സമീപകാലത്തായി നമ്മുടെ നാട്ടിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി തുടങ്ങിയ രോഗങ്ങൾ പടർന്നുപിടിക്കാനുള്ള കാരണം ശുചിത്വത്തിലുണ്ടായ വീഴ്ചമൂലമാണ്. പ്രധാനമായും പ്രശ്നപൂർണമാകുന്ന സാഹചര്യങ്ങളിൽ നമുക്ക് നിയന്ത്രിക്കാനാവാത്ത വിധത്തിലേക്ക് കാര്യങ്ങൾ മാറിപോകുന്നതാണ് രോഗങ്ങളുടെ വലിയ സംഖ്യകളെ സൃഷ്ടിക്കുന്നതെന്ന് പറയാം. അടുത്തകാലത്തുണ്ടായിട്ടുള്ള പകർച്ചവ്യാധികൾ മാലിന്യസംസ്കരണ മേഖലയിലെ അപര്യാപ്തതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാലിന്യ പരിപാലന കാര്യങ്ങളിൽ എടുക്കേണ്ട ശ്രദ്ധയിലെ വീഴ്ച മലയാളിക്ക് അത്രയൊന്നും പരിചിതമല്ലാതിരുന്ന പല രോഗങ്ങളെയും പൊതു ചർച്ചകളിലേക്ക് കൊണ്ടെത്തിച്ചിട്ടുണ്ട്.

മാലിന്യ പരിപാലനത്തിൽ കേരളം നേരിടുന്നത് വലിയ പ്രശ്നങ്ങളാണ്.

ജനസാന്ദ്രത

ജനസാന്ദ്രതയിൽ വളരെ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. മാലിന്യ സംസ്കരണത്തിൽ ഇത് പ്രതിസന്ധി സൃഷ്ടിക്കുന്നു. പ്രായോഗികമായി ചെലവിനെ ന്യായീകരിക്കാവുന്നതും കൂടുതൽ സൗകര്യപ്രദവുമായ വിധത്തിൽ കേന്ദ്രീകൃതമായ രീതിയിൽ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിൽ ഇതുയർത്തുന്ന പ്രതിസന്ധി നിസാരമല്ല. ജനങ്ങൾ വസിക്കുന്ന

മിഷൻ 676
കേരളം കുതിക്കുന്നു
ലോകത്തോടൊപ്പം

സ്ഥലങ്ങളിൽ ആവശ്യമായ സ്ഥലം ഇത്തരം സംരംഭങ്ങൾക്ക് കണ്ടെത്തുവാൻ സാധിക്കാതെ പോകുന്നു. അതുകൊണ്ടുതന്നെ വികേന്ദ്രീകൃത മാലിന്യസംസ്കരണമെന്ന ആശയത്തെ ഉപയുക്തമാക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ശരാശരി ചതുരശ്ര കിലോമീറ്ററിൽ 859 പേർ അധിവസിക്കുന്ന ഒരു സംസ്ഥാനത്ത് വലിയ മാലിന്യനിക്ഷേപത്തെ എങ്ങനെ പരിപാലിക്കപ്പെടുമെന്ന ചോദ്യം പ്രധാനമാണ്. ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ ഇത് 1250ന് മുകളിലാണ്. കോഴിക്കോട്, മലപ്പുറം, എറണാകുളം, കൊല്ലം ജില്ലകളിൽ 1000നും 1249നുമിടയിലാണ് ജനസാന്ദ്രത. ജീവിത സാഹചര്യങ്ങളിലുണ്ടായ മാറ്റവും മാലിന്യസംസ്കരണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വാങ്ങിക്കൂട്ടൽ പരിഷ്കൃത സമൂഹത്തിന്റെ എളുപ്പമുള്ള ജീവിതത്തിന്റെ ഭാഗമാകുമ്പോൾ തന്നെ അത്രയേറെ പ്രശ്നങ്ങളും കൂടെ കൊണ്ടുവരുന്നു. വിലക്കുറവും ഉപയോഗിക്കാനുള്ള സൗകര്യവും മൂലം യഥേഷ്ടം വാങ്ങിക്കൂട്ടുന്നവയിലൊന്നാണ് പ്ലാസ്റ്റിക് സഞ്ചികൾ. പല നിയന്ത്രണങ്ങളും ഈ കാര്യത്തിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അവ പാലിക്കുവാൻ പലപ്പോഴും നാം തയ്യാറാവുന്നില്ല. ഉപയോഗശേഷം വലിച്ചെറിയുന്ന ഇവ മണ്ണിൽ ലയിച്ചുച്ചേരാതെ മാലിന്യസംസ്കരണത്തെ സങ്കീർണമായ പ്രവൃത്തിയാക്കിമാറ്റുന്നു. പ്രകൃതിയുടെ നൈസർഗികമായ പ്രതിരോധ പ്രവർത്തനത്തെ ഇത് തുരങ്കം വെക്കുകയും അപകടകാരികളായ ജീവജാലങ്ങളുടെ പെരുപ്പത്തെ നിയന്ത്രിക്കാൻ സാധിക്കാതെ പോകുകയും ചെയ്യുന്നു.

മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം

രോഗങ്ങൾ തടയുന്നതിനും ആരോഗ്യകരമായ ജീവിത പരിതസ്ഥിതി ഒരുക്കുന്നതിനുമായി മനുഷ്യ വിസർജ്ജ്യസംസ്കരണം കൃത്യതയോടെ ചെയ്യുവാൻ സാധിക്കണം. നിലവിൽ കേരളത്തിൽ 99 ശതമാനം കുടുംബങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാകുന്നുണ്ട്. രാജ്യത്തെ ശരാശരിയേക്കാൾ വലിയ നേട്ടം ഇക്കാര്യത്തിൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുറസായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നത് ഏറെ കുറെ അപരിചിതകാഴ്ചയായി കേരളത്തിൽ മാറിയിട്ടുണ്ട്. എങ്കിലും കടൽതീരങ്ങളിലും ജലാശയങ്ങളോട് ചേർന്നും ഇത് ചെറിയ തോതിലെങ്കിലും നടക്കുന്നുണ്ടെന്നത് തള്ളിക്കളയാൻ സാധിക്കില്ല. മാത്രമല്ല, കായലിലേക്കും പുഴകളിലേക്കും തോടുകളിലേക്കും കക്കൂസ് മാലിന്യങ്ങൾ ഒഴുക്കിവിടുന്ന കാഴ്ചകൾ ഇപ്പോഴും സജീവമായി തന്നെ പലയിടങ്ങളിലും കാണാൻ സാധിക്കും.

കേരളത്തിൽ ഏറെക്കുറെ ഇടോയ്‌ലറ്റ് സൗകര്യം കാര്യക്ഷമമാക്കാനും എല്ലാവർക്കും ലഭ്യമാകുന്ന വിധത്തിൽ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താനും സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ സാധിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയില്ലാത്തവർക്കും പരിമിതമായി ഭൂമിയുള്ളവർക്കും വെള്ളക്കെട്ടുകൾ ഉള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പാറക്കെട്ടുകൾ ഉള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കും മതിയായ സൗകര്യം ഏർപ്പെടുത്തുവാൻ സാങ്കേതികമായും സാമൂഹ്യമായുമുള്ള അനേകം പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇത്തരം പ്രദേശങ്ങൾക്കുതകുന്ന വിധത്തിൽ പൊതുശുചിത്വ സൗകര്യങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള സാധ്യതയെ കുറിച്ച് ചിന്തിക്കാവുന്നതാണ്. സ്കൂളുകളിലും അംഗൻവാടികളിലും മതിയായ ടോയ്‌ലറ്റ് സൗകര്യം ലഭ്യമാകുന്നുണ്ടോയെന്നതും പരിശോധിക്കേണ്ടതാണ്.

ജീവിത സാഹചര്യങ്ങളിലുണ്ടായ മാറ്റവും മാലിന്യസംസ്കരണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വാങ്ങിക്കൂട്ടൽ പരിഷ്കൃത സമൂഹത്തിന്റെ എളുപ്പമുള്ള ജീവിതത്തിന്റെ ഭാഗമാകുമ്പോൾ തന്നെ അത്രയേറെ പ്രശ്നങ്ങളും കൂടെ കൊണ്ടുവരുന്നു. വിലക്കുറവും ഉപയോഗിക്കാനുള്ള സൗകര്യവും മൂലം യഥേഷ്ടം വാങ്ങിക്കൂട്ടുന്നവയിലൊന്നാണ് പ്ലാസ്റ്റിക് സഞ്ചികൾ. പല നിയന്ത്രണങ്ങളും ഈ കാര്യത്തിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അവ പാലിക്കുവാൻ പലപ്പോഴും നാം തയ്യാറാവുന്നില്ല.

ഖരമാലിന്യ നിർമ്മാർജ്ജനം

ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഇന്ന് കേരളം നേരിടുന്ന വിഷയമാണ് ഖരമാലിന്യ നിർമാർജ്ജനം. ഒരു കാലത്ത് കേരളത്തിലെ വീടുകളിലെ ഖരമാലിന്യങ്ങൾ അതാതു വീടുകളിൽ തന്നെ ലളിതമായി കൈകാര്യം ചെയ്യാൻ സാധിച്ചുവെങ്കിൽ ഇന്ന് വലിയ ബാധ്യതയായി നമുക്ക് മുന്നിൽ നിൽക്കുകയാണ്. പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത വിധത്തിൽ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ പരിപാലിക്കുന്ന രീതിയെയാണ് ഇപ്പോൾ നാം കൂടുതലായി സ്വാഗതം ചെയ്യുന്നത്. ഖരമാലിന്യത്തിന്റെ കാര്യത്തിൽ നടത്തിയ പഠനങ്ങളിൽ കാണുന്നത് കേരളത്തിലെ 60 ശതമാനം ഖരമാലിന്യങ്ങളും വീടുകളുടെ സംഭാവനയാണെന്നാണ്. നഗരങ്ങളിൽ ആളോഹരി പ്രതിദിനം 400 ഗ്രാമും ഗ്രാമങ്ങളിൽ 250 ഗ്രാമുമാണ് ഖരമാലിന്യം പുറത്തുവിടപ്പെടുന്നത്. അതായത് നാലുപേർ അടങ്ങുന്ന കുടുംബത്തിൽ നിന്നും ഒരു കിലോഗ്രാം മുതൽ 1.600 കിലോഗ്രാം വരെ മാലിന്യം പ്രതിദിനം ഉണ്ടാകുന്നുവെന്നാണ്. അതായത് ഒരു മാസം കൊണ്ട് ഇത് അമ്പത് കിലോഗ്രാമോളം ആവും.

ഗ്രാമ – നഗര വ്യത്യാസമില്ലാതെ ഇന്ന് കേരളം നേരിടുന്ന വിഷയമാണ് ഖരമാലിന്യ നിർമാർജ്ജനം. ഒരു കാലത്ത് കേരളത്തിലെ വീടുകളിലെ ഖരമാലിന്യങ്ങൾ അതാതു വീടുകളിൽ തന്നെ ലളിതമായി കൈകാര്യം ചെയ്യാൻ സാധിച്ചുവെങ്കിൽ ഇന്ന് വലിയ ബാധ്യതയായി നമുക്ക് മുന്നിൽ നിൽക്കുകയാണ്. പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത വിധത്തിൽ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ പരിപാലിക്കുന്ന രീതിയെയാണ് ഇപ്പോൾ നാം കൂടുതലായി സ്വാഗതം ചെയ്യുന്നത്.

ഇത്രയും ഭാരിച്ച ബാധ്യതയെ നാം എങ്ങനെയാണ് നേരിടുക? കേന്ദ്രീകൃത സംസ്കരണം ജനസാന്ദ്രത കൂടിയ പ്രദേശത്തുള്ള കേരളത്തിന് ഫലപ്രദമല്ല. ഉറവിടങ്ങളിൽ തന്നെ അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുന്ന വിധത്തിലുള്ള പദ്ധതികൾക്കാണ് അതുകൊണ്ടു തന്നെ മുൻതൂക്കം നൽകേണ്ടത്. ഖരമാലിന്യത്തെ വേഗത്തിൽ ചീഞ്ഞളിയുന്ന മാലിന്യങ്ങളെന്നും ജൈവജീർണം നടക്കാത്ത മാലിന്യങ്ങളെന്നും തരം തിരിച്ചുകൊണ്ട് വേണം സംസ്കരിക്കാൻ. അല്ലാത്ത പക്ഷം ഇവ കൂടിച്ചേർന്ന് കിടക്കുന്നതിലൂടെ സംസ്കരണ പ്രക്രിയ കൃത്യമായി നടക്കാതെ വരും. വീടുകളിൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് കമ്പോസ്റ്റിംഗ് രീതികൾ അവലംബിക്കാവുന്നതാണ്. മണ്ണിര കമ്പോസ്റ്റിംഗ് രീതി, പ്ലാസ്റ്റിക്/ ചട്ടികൾ കൊണ്ടുള്ള ബിന്നുകളിൽ മാലിന്യം സംസ്കരിക്കുന്ന രീതി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ വിവിധ മാർഗങ്ങൾ ഇക്കാര്യത്തിൽ അനുവർത്തിക്കാവുന്നതാണ്. അതായത് മാലിന്യമെന്ന ബാധ്യതയെ പുതിയ തരത്തിലേക്ക് മാറ്റി ഉപയോഗിക്കാനാവുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകൾ ഇപ്പോൾ ലഭ്യമാണ്.

അറവുശാലകൾ, മത്സ്യ-മാംസ്യാദി വിപണനകേന്ദ്രങ്ങൾ തുടങ്ങിയവ ഇപ്പോഴും വേണ്ടത്ര ശുചിത്വസൗകര്യങ്ങളോടെ പ്രവർത്തിക്കുന്നുവെന്ന് പറയാൻ സാധിക്കില്ല. മത്സ്യ-മാംസാദികളുടെ ഉപയോഗത്തിൽ വന്ന വർദ്ധനക്കൊപ്പം അവയുടെ പരിപാലനത്തിൽ മതിയായ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. എങ്കിലും വിവിധ കേന്ദ്രങ്ങളിൽ നല്ല നിലയിൽ തന്നെ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് പരിപാലനത്തിൽ മതിയായ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. എങ്കിലും വിവിധ കേന്ദ്രങ്ങളിൽ നല്ല നിലയിൽ തന്നെ ബയോഗ്യാസ് വ്യാപാരികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിലൂടെ കൃത്യമായി പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് ഇത്തരത്തിലുള്ള മാലിന്യങ്ങളുടെ പ്രശ്നത്തെ നമുക്ക് പരിഹരിക്കാൻ സാധിക്കും. ആധുനിക രീതിയിലുള്ള അറവുശാലകളെ വ്യാപിപ്പിച്ചുകൊണ്ട് പരമ്പരാഗതമായ ശൈലിയിലുള്ള മാലിന്യഭാരം കൂടുതലുള്ളവയെ ഇല്ലാതാക്കിക്കൊണ്ട് മുന്നേറാൻ സാധിക്കണം.

ദ്രവ്യമാലിന്യ നിർമാർജ്ജനം

മലിനജലം വലിയ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. പലപ്പോഴും ഇവയുടെ അവസ്ഥ പഴക്കം ചെന്നതും തകർന്നതോ ആയ നിലയിലുള്ള നിർഗ്ഗമനപാതയിലൂടെയാണ് ഒഴുകുന്നത്. ഇവ അടയുകയോ വെള്ളം കെട്ടി കിടക്കുകയോ ചെയ്യുമ്പോൾ കൊതുകുകളുടെ പ്രധാന കേന്ദ്രമായി മാറുകയും രോഗങ്ങളുടെ തുടക്കമായി മാറുകയും ചെയ്യുന്നു. അഴുക്കുചാൽ നിർമാണത്തിലും പരിപാലനത്തിലും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ചില പ്രധാന നഗരങ്ങളിൽ മാത്രമാണ് സ്വീവേജ് സംസ്കരണശാലകൾ ഉള്ളത്. മറ്റിടങ്ങളിലെല്ലാം അഴുക്കുചാലുകളിലൂടെ ഒഴുകിപോകുന്നത് തിരികെ രോഗമായി തന്നെ വരികയാണെന്നതാണ് യാഥാർത്ഥ്യം.

മഴക്കാലമെത്തുന്നതോടെ ഈ മാലിന്യങ്ങളൊക്കെയും വലിയ പ്രശ്നമായി കടന്നുവരുമെന്നത് തീർച്ചയാണ്. ഇവയെ നിയന്ത്രണവിധേയമാക്കാൻ സാധിക്കുന്നില്ലായെങ്കിൽ ദുരിതത്തിന്റെ നാളുകളാവും നമുക്ക് മുന്നിലെത്തുക. പ്രാദേശികമായി തന്നെ പരിസരശുചിത്വത്തിന് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും മതിയായ വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യണം. എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലും മഴക്കാലത്തിന് മുമ്പ് തന്നെ വാർഡുതലത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പുവരുത്തണം. സന്നദ്ധ സംഘടനകൾ, ഗ്രന്ഥശാലകൾ, സ്കൂളുകൾ, കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകളിലെ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് സമഗ്രമായ വിധത്തിൽ ഈ കാമ്പയിൻ പ്രവർത്തനം നടത്താൻ സാധിച്ചാൽ അത് വലിയ നേട്ടമായിരിക്കും. ◆

23-ാം പേജിൽ നിന്നും തുടർച്ച

പട്ടിക – നാല്
ശരാശരി ഗ്രാമപഞ്ചായത്തുതല ജനസംഖ്യ വിവിധ ജില്ലകളിൽ – 2011

ജില്ലാ	പഞ്ചായത്തുതല ജനസംഖ്യ
തിരുവനന്തപുരം	29125
കൊല്ലം	31465
പത്തനംതിട്ട	19957
ആലപ്പുഴ	24507
കോട്ടയം	23878
ഇടുക്കി	19927
എറണാകുളം	29014
തൃശൂർ	28109
പാലക്കാട്	26014
മലപ്പുറം	36606
കോഴിക്കോട്	33434
വയനാട്	31434
കണ്ണൂർ	26513
കാസർകോട്	31048
സംസ്ഥാന ശരാശരി	28360

ശ്രോതസ് : 2011 സെൻസസിൽ നിന്നും ലേഖകൻ കണക്കാക്കിയത്.

പട്ടിക – അഞ്ച്
വാർഡുതല ജനസംഖ്യ – വിവിധ ജില്ലകളിൽ

ജില്ല	ഗ്രാമപഞ്ചായത്തുകളുടെ ആകെ ജില്ല ജനസംഖ്യ	വാർഡുകൾ	ശരാശരി വാർഡ് ജനസംഖ്യ
തിരുവനന്തപുരം	2126166	1299	1637
കൊല്ലം	2202598	1274	1729
പത്തനംതിട്ട	1077693	811	1329
ആലപ്പുഴ	1789058	1186	1508
കോട്ടയം	1743137	1180	1477
ഇടുക്കി	1056182	814	1297
എറണാകുളം	2437224	1369	1780
തൃശൂർ	2473624	1501	1648
പാലക്കാട്	2549356	1542	1653
മലപ്പുറം	3660692	1902	1925
കോഴിക്കോട്	2507565	1335	1878
വയനാട്	785840	459	1712
കണ്ണൂർ	2147551	1345	1597
കാസർകോട്	1179861	663	1779

ശ്രോതസ്: സെൻസസ് 2011 റിപ്പോർട്ട്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കണക്കുകൾ എന്നിവയിൽ നിന്നും ലേഖകൻ കണക്കാക്കിയത്.

കേരളത്തിലെ ജില്ലകളിലെ ഗ്രാമപഞ്ചായത്ത് ശരാശരി ജനസംഖ്യയുടെ കാര്യത്തിലും വളരെയധികം അന്തരം നിലനിൽക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യ 19927 ആകുമ്പോൾ മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യ 36606 ആണ്.

മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി വാർഡ് ജനസംഖ്യ 1925 ആയപ്പോൾ ഇടുക്കി ജില്ലയിൽ 1297 ആണ്. വാർഡ് ജനസംഖ്യ ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയിലും കൂടുതൽ മലപ്പുറം ജില്ലയിലുമാണ്.



കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ സ്ഥല വിസ്തൃതിയും ജനസംഖ്യയും വളരെയധികം കൂടുതലാണ്. ജനസംഖ്യ കൂടിയ ഗ്രാമപഞ്ചായത്തുകളെ പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സേവനം പൊതുജനങ്ങളുടെ അവകാശമാണ്. ഇത് ഫലപ്രദമായും കാര്യക്ഷമമായും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന ജനസംഖ്യ മാത്രമെ ഉണ്ടാകാവൂ. അശാസ്ത്രീയമായ യാതൊരു കണക്കുകൂട്ടലിന്റെയും അടിസ്ഥാനമില്ലാതെ തീരുമാനിക്കപ്പെട്ട വില്ലേജുകളെ അടിസ്ഥാനമാക്കി ആകരുത് ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ 2011 സെൻസസിന്റെ അടിസ്ഥാനത്തിൽ പുനഃസംവിധാനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ◆

അൽകേഷ് ത്യാഗി

റോഡു സുരക്ഷിതത്വ മുൻഗണന ഇന്ത്യയിൽ

ഐക്യരാഷ്ട്രസഭ 2011 –2020 റോഡുസുരക്ഷാ ദശകമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആഗോള ആരോഗ്യ മേഖലയിൽ റോഡ് അപകടങ്ങളുണ്ടാക്കുന്ന ഗുരുതരമായ ആഘാതങ്ങൾ തിരിച്ചറിയുക, റോഡു സുരക്ഷയ്ക്കുള്ള നടപടികൾ സ്വീകരിക്കുക, റോഡ് അപകടങ്ങളിൽ സംഭവിക്കുന്ന മരണത്തിന്റെ നിരക്ക് ഈ കാലഘട്ടത്തിൽ നേർ പകുതിയാക്കി കുറയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രഖ്യാപനത്തിനു പിന്നിൽ. അന്താരാഷ്ട്ര റോഡ് ഫെഡറേഷന്റെ ചെയർമാൻ കെകെ കപിലയുടെ അഭിപ്രായത്തിൽ ആഗോളതലത്തിൽ ഓരോ വർഷവും 1.2 ദശലക്ഷം ആളുകൾ റോഡ് അപകടങ്ങളിൽ മരിക്കുന്നു. കൂടാതെ 50 ദശലക്ഷം പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്യുന്നു. 1.2 ട്രില്യൺ അമേരിക്കൻ ഡോളറാണ് ഈ അപകടങ്ങൾ മൂലം സംഭവിക്കുന്ന ധനനഷ്ടം. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം 2030 ആകുമ്പോഴേയ്ക്കും ലോകത്തിൽ മനുഷ്യർ മരിക്കുന്നതിനുള്ള അഞ്ചാമത്തെ കാരണമായി റോഡ് അപകടങ്ങളിൽ സംഭവിക്കുന്ന മാരകമുറിവുകൾ മാറിയേക്കാം. അതിവേഗം വളരുന്ന നഗരവത്ക്കരണവും പെരുകുന്ന വാഹനങ്ങളും റോഡുകളിലെ സുരക്ഷയ്ക്ക് കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ റോഡപകടത്തിൽ മരിക്കുന്നത് ഇന്ത്യയിലാണ് എന്ന തിരിച്ചറിവ് ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ വർധിപ്പിക്കുന്നു. ഇന്ത്യയിൽ 2011 ൽ 4.97 ലക്ഷം റോഡ് അപകടങ്ങളിലായി മരണമടഞ്ഞത് 1.42 ലക്ഷം ആളുകളാണ്. ഈ സംഖ്യയെ സമയത്തിന്റെ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്താൽ നമ്മുടെരാജ്യത്ത് ഒരു മിനിറ്റിൽ ഒരു റോഡപകടം സംഭവിക്കുന്നു, നാലുമിനിറ്റുതോറും ഓരോ അപകട മരണവും. 2012 ലെ കണക്കുകളിൽ അല്പം കുറവ് കാണുന്നുണ്ട്. അതായത്, അപകടങ്ങളുടെ എണ്ണം 4.90 ലക്ഷവും മരണസംഖ്യ 1.38 ലക്ഷവുമാണ്. പക്ഷെ, ഈ കുറവ് ആശ്വസിക്കാവുന്ന ഒരു കുറവായി കണക്കാക്കാനാവില്ല.

മൊത്തത്തിലുള്ള റോഡ് അപകടങ്ങളുടെ കാരണം അപഗ്രഥിക്കുമ്പോൾ, 78.7 ശതമാനവും(3,85,934 അപകടങ്ങൾ) സംഭവിക്കുന്നത്

ഡ്രൈവറുടെ വീഴ്ച്ച മൂലമാണ് എന്നു കാണാൻ സാധിക്കുന്നു. ലഹരി, മൊബൈൽ ഫോൺ, വാഹനങ്ങളുടെ അമിത ലോഡ്, അമിത വേഗം, വിശ്രമമില്ലായ്മ തുടങ്ങി ഈ വീഴ്ച്ചയ്ക്കുള്ള കാരണങ്ങൾ പലതാണ്. റോഡുകളിലെ എൺപതു ശതമാനം അപകടങ്ങളുടെയും ഉത്തരവാദി ഡ്രൈവറാണെന്നിരിക്കെ, നിയമങ്ങൾ ലംഘിക്കുമ്പോൾ റോഡിലെ കൊലയാളികളായി തങ്ങൾ മാറുന്നു എന്ന് അവരെ ബോധവത്ക്കരിക്കേണ്ടതുണ്ട്. അതിന് രാഷ്ട്രീയ തലത്തിൽ റോഡ് സുരക്ഷിതത്വത്തിന് മുൻഗണന നല്കണം. താല്ക്കാലികമായ റോഡു സുരക്ഷാ പ്രവർത്തനങ്ങൾക്കു പകരം സുസ്ഥിരമായ പദ്ധതികളിലേയ്ക്കാണ് നമ്മുടെ ശ്രദ്ധ ഇനി കേന്ദ്രീകരിക്കുന്നത്. ഇതിന് നിലവിലുള്ള റോഡ് സുരക്ഷാ മാനേജ്മെന്റ് സംവിധാനത്തെകുറിച്ചുള്ള ശാസ്ത്രീയമായ അവലോകനമാണ് ആദ്യം നടത്തേണ്ടത്.

ഇതിന്റെ പശ്ചാത്തലത്തിൽ ദീർഘ കാലാടിസ്ഥാനത്തിലും ഇടക്കാലാടിസ്ഥാനത്തിലുമുള്ള ലക്ഷ്യങ്ങളും അവ നേടുന്നതിനുള്ള പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്. ഗതാഗതം, ആഭ്യന്തരം,ആരോഗ്യം, നീതിന്യായം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെ ഉന്നത തല ഉദ്യോഗസ്ഥരുടെ യോജിച്ചുള്ള ഇടപെടലിലൂടെ മാത്രമെ ഈ പദ്ധതികൾ നടപ്പിലാക്കാനാവൂ. ഇവരിൽ പലരും ഇക്കാര്യത്തിൽ ഇതുവരെ സജീവമായി പങ്കാളികളായിട്ടില്ല. അതുപോലെ റോഡ് സുരക്ഷാ ഫലത്തിന്റെ ഗുണഭോക്താക്കളുടെ സേവനങ്ങളും ഇക്കാര്യത്തിൽ ഉണ്ടാവണം. രാജ്യത്തെ റോഡ് അപകടങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ദേശീയ റോഡ് സുരക്ഷാ നയത്തിന് അംഗീകാരം നല്കി കഴിഞ്ഞു. ബോധവത്ക്കരണം, റോഡു സുരക്ഷ സംബന്ധിച്ച വിവരശേഖരണം, സുരക്ഷിതമായ റോഡ് സൗകര്യങ്ങൾ, റോഡ് നിയമങ്ങളുടെ നടപ്പാക്കൽ തുടങ്ങി വിവിധ നടപടികൾക്കാണ് രൂപരേഖ തയാറാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച കാര്യങ്ങളിൽ നയപരമായ തീരുമാനമെടുക്കുന്നതിന് ഒരു ദേശീയ റോഡ് സുരക്ഷാ കൗൺസിലിനു ഗവൺമെന്റ് രൂപം നല്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകളും ജില്ലാ റോഡ് സുരക്ഷാ കമ്മിറ്റികളും രൂപീകരിക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഗതാഗത മന്ത്രാലയം നിർദ്ദേശം നല്കി കഴിഞ്ഞു. ബോധവത്ക്കരണം, നിയമം നടപ്പാക്കൽ, എൻജിനിയറിംങ്, അത്യാഹിത വിഭാഗം എന്നിങ്ങനെ നാലു വിഭാഗങ്ങളായി റോഡ് സുരക്ഷയ്ക്കുള്ള നയപരിപാടികൾ ആവിഷ്കരിക്കാനാണ് മന്ത്രാലയം ആലോചിക്കുന്നത്. റോഡുകൾക്ക് രൂപരേഖ തയാറാക്കുന്ന ആസൂത്രണ ഘട്ടത്തിൽ തന്നെ സുരക്ഷയ്ക്ക് ആയിരിക്കണം പ്രഥമ പരിഗണന. തെരഞ്ഞെടുക്കപ്പെട്ട ദേശീയ പാതകളിൽ റോഡ് സുരക്ഷാ പരിശോധന നടത്തണം. ഡ്രൈവിങ്ങ് പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കണം. വാഹനങ്ങൾ, ഹെൽമെറ്റ്, സീറ്റ് ബൽറ്റ്, പവർ സ്റ്റിയറിംങ്, കണ്ണാടികൾ തുടങ്ങിയവയുടെ നിലവാര പരിശോധന കർശനമാക്കണം. റോഡുകളിൽ തന്നെ ഇതിനുവേണ്ട ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കണം. റോഡ് സുരക്ഷാ വാരം ആചരിക്കുന്നതിനൊപ്പം ദൂരദർശൻ, റേഡിയോ തുടങ്ങിയവാർത്താ വിതരണ ശ്രുംഖലകൾ വഴി റോഡ് സുരക്ഷാ നിർദ്ദേശങ്ങൾ പ്രചരിപ്പിക്കുക, വർ

ത്തമാന പത്രങ്ങളിലൂടെ റോഡ് സുരക്ഷ സംബന്ധിച്ച പരസ്യങ്ങൾ നല്കുക, സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക എന്നിവയിലൂടെയാണ് പുതിയ നടപടികൾ ഉപരിതല ഗതാഗത മന്ത്രാലയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ,

- ✓ സ്കൂൾ പാഠ പുസ്തകങ്ങളിൽ (6–12) റോഡു സുരക്ഷയെ സംബന്ധിക്കുന്ന ഒരു പാഠം നല്കുക. സംസ്ഥാനത്തെ സ്കൂളുകളിൽ ഇത് പാഠ്യവിഷയമാക്കുക.
- ✓ പതിവായി റോഡ് അപകടങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പരിഹാര മാർഗങ്ങൾ നടപ്പാക്കുക.
- ✓ അപകട മേഖലകളിൽ അടിയന്തര സഹായത്തിനായി ദേശീയ ആംബുലൻസ് നിയമം നടപ്പാക്കുക. ആംബുലൻസ് സേവനങ്ങൾക്ക് ദേശീയ തലത്തിൽ തന്നെ ഏകീകൃത നിലവാരം സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

റോഡു സുരക്ഷ എന്നത് വിവിധ ഗവൺമെന്റ് വകുപ്പുകളുടെ കൂട്ടായ ഉത്തരവാദിത്വമാണ്. സമഗ്രമായ സഹകരണവും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ആവശ്യമാണ്. റോഡു സുരക്ഷയിൽ പ്രധാന ഗവൺമെന്റ് വകുപ്പുകളുടെ ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നത തല കമ്മിറ്റികൾ രൂപീകരിക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഓരോ സംസ്ഥാനങ്ങളും റോഡ് സുരക്ഷയ്ക്കായി കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനും നിർദ്ദേശം നല്കിയിട്ടുണ്ട്. റോഡു സുരക്ഷ സംബന്ധിച്ച് അടുത്ത അഞ്ചു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടു വേണം ഓരോ സംസ്ഥാനവും വാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുവാൻ. സംസ്ഥാനങ്ങളിൽ റോഡ് സുരക്ഷാ ഫണ്ട് സ്വരൂപിക്കാൻ ഓരോ സ്ഥാപനങ്ങളെ കണ്ടെത്തുകയും ഈ ഫണ്ടിലേയ്ക്കുള്ള 50 ശതമാനം വിഹിതവും റോഡ് നിയമങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് പിഴയായി സ്വരൂപിക്കുകയും വേണം.

ഐക്യരാഷ്ട്ര സഭ 2011 മുതൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തന പദ്ധതി ആരംഭിച്ചെങ്കിലും മൂന്നു വർഷം പിന്നിട്ടിട്ടും ഇനിയും ഏറെ ചെയ്യുവാൻ ബാക്കിയുണ്ട്. ഇന്ത്യയിൽ റോഡ് സുരക്ഷയ്ക്കുള്ള ബജറ്റ് വിഹിതം വർധിപ്പിക്കണം. ഗതാഗതനിയമങ്ങളുടെ ലംഘനത്തിന് കനത്ത ശിക്ഷ നല്കണം. റോഡു സുരക്ഷാ ഫണ്ടിലേയ്ക്ക് പാർലമെന്റ് അംഗങ്ങൾ അവരുടെ വികസന ഫണ്ടിൽ നിന്നും വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായും സംഭാവനകൾ നല്കണം. മുഴുവൻ ഗുണഭോക്താക്കളുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമെ റോഡ് സുരക്ഷയുടെ കാര്യത്തിൽ എന്തെങ്കിലും ഗണ്യമായ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളു, ദേശീയ പാതകളിൽ പൊലിയുന്ന മനുഷ്യജീവനുകളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുകയുള്ളു, ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ സാധിക്കുകയുള്ളു. ◆

** ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖകന്റേതു മാത്രം.*

** ന്യൂഡൽഹി പി.ഐ.ബി-യിൽ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ.*

രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അവാർഡ് (RGPSA)

2005 മുതൽ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കി വന്നിരുന്ന പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം (PEAIS) 2013ൽ രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭ്യാൻ എന്ന പേരു മാറ്റി പരിഷ്കരിക്കുകയുണ്ടായി. PEAIS ന്റെ കീഴിൽ 2011-12 കാലയളവുവരെ സംസ്ഥാന സർക്കാരുകൾക്ക് മാത്രം നൽകിയിരുന്ന പുരസ്കാരം 11-12 മുതൽ സംസ്ഥാനങ്ങൾക്കു പുറമേ സംസ്ഥാനങ്ങളിലെ മികച്ച പഞ്ചായത്തുകൾക്കും കൂടി നൽകുവാൻ തീരുമാനിച്ചു. ജനസംഖ്യാനുപാതികമായി കേരളത്തിലെ ഒരു ജില്ലാ പഞ്ചായത്തിനും രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾക്കും മൂന്ന് ഗ്രാമപഞ്ചായത്തുകൾക്കുമാണ് അവാർഡിന് അർഹതയുള്ളത്. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നിശ്ചയിക്കുന്ന യോഗ്യത മാനദണ്ഡങ്ങൾ (Eligibility Criteria) സംസ്ഥാനത്തിന് അനുയോജ്യമായ മാറ്റങ്ങളോടെ പരിഷ്കരിച്ച് അവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിന്നും ഓൺലൈൻ വഴി സമാഹരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായവരെ കണ്ടെത്തി അവാർഡിനായി നാമനിർദ്ദേശം ചെയ്യുന്നത്. പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ കൺവീനറും പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പു സെക്രട്ടറി, പൊതുഭരണ വകുപ്പു സെക്രട്ടറി, കില ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളും മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ എന്നീ ഗവൺമെന്റ് ഇതര വിദഗ്ദ്ധരും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് ജോ

യിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, പ്രത്യേക ക്ഷണിതാവും ആയിട്ടുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് സംസ്ഥാന തലത്തിലെ അവാർഡ് നോമിനികളെ തിരഞ്ഞെടുക്കുന്നത്. സംസ്ഥാനം തിരഞ്ഞെടുക്കുന്ന പട്ടികയിലെ പഞ്ചായത്തുകളിൽ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നിശ്ചയിക്കുന്ന ഒരു സ്വതന്ത്ര ഏജൻസി മുഖാന്തിരം അന്തിമ പരിശോധന കൂടി നടത്തിയതിനു ശേഷമാണ് അവാർഡിനർഹരായ പഞ്ചായത്തുകളെ കണ്ടെത്തുന്നത്. 2013-14ൽ സംസ്ഥാനത്തു നിന്നും എറണാകുളം ജില്ലാ പഞ്ചായത്തിനും, ഇടുക്കി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തുകൾക്കും അടാട്ട്, പുലമാന്തോൾ, തിരുവേഗപ്പുറ, ചെമ്പിലോട് ഗ്രാമപഞ്ചായത്തുകൾക്കും അവാർഡ് ലഭിക്കുകയുണ്ടായി. എറണാകുളം ജില്ലാപഞ്ചായത്തിന് 50 ലക്ഷം രൂപയും നിലമ്പൂർ, ഇടുക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപാ വീതവും അടാട്ട് പുലമാന്തോൾ ഗ്രാമപഞ്ചായത്തുകൾക്ക് 11 ലക്ഷം രൂപാ വീതവും ഒരേ മാർക്ക് പങ്കിട്ട തിരുവേഗപ്പുറ, ചെമ്പിലോട് ഗ്രാമപഞ്ചായത്തുകൾക്ക് 5.5 ലക്ഷം രൂപാ വീതവും ആകെ 133 ലക്ഷം രൂപയുടെ അവാർഡാണ് ലഭിച്ചിട്ടുള്ളത്. ഈ അവാർഡ് തുക അതാത് പഞ്ചായത്തുകൾക്ക് അവയുടെ വികസന പ്രവർത്തനങ്ങൾക്ക് യഥേഷ്ടം വിനിയോഗിക്കാവുന്നതാണ്.

2005 മുതൽ നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനങ്ങൾക്കു മാത്രമായുള്ള പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം അഥവാ അധികാര വികേന്ദ്രീകരണ സൂചിക പ്രകാരമുള്ള അവാർഡിലും 2013-14-ൽ കേരളത്തിന് രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. 2.5 കോടി രൂപയാണ് ഈ അവാർഡ് തുക. 2012-13ൽ മൂന്നാം സ്ഥാനത്തായിരുന്നതിൽ നിന്നും 2013-14ൽ രണ്ടാം സ്ഥാനത്ത് എത്തുവാൻ കഴിഞ്ഞു എന്നത് സംസ്ഥാനം കൈവരിച്ച പ്രധാന നേട്ടമാണ്.



ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സരിക്കണം

മുഖ്യമന്ത്രി ഉമ്മൻചാണ്ടി

ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം നൽകുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ മത്സരമുണ്ടാകണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ നടന്ന "രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭ്യാൻ" അവാർഡ് വിതരണ പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ജനങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കാനും, ഏറ്റെടുക്കാനും ഞങ്ങൾ ഉണ്ട് എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ തദ്ദേശസ്ഥാപനങ്ങൾക്കാണ് കഴിയുക. ഏറ്റവും അവസാനത്തെ ആളിനും ആനുകൂല്യം

ലഭിക്കുമ്പോഴാണ് ജനാധിപത്യം സാർത്ഥകമാകുന്നത്. പഞ്ചായത്തുകൾ നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയർ എന്ന ജീവകാരുണ്യ പദ്ധതിയെക്കുറിച്ച് പറഞ്ഞ മുഖ്യമന്ത്രി വീടുകളിൽ ചെന്ന് സ്നേഹ സ്പർശനവും ചികിത്സയും നൽകുന്നതിനു പുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഇത്തരം ആളുകളുടെ വീടുകളിൽകൊണ്ട് ചെന്ന് എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമെന്നും പറഞ്ഞു. 2013-14 സാമ്പത്തിക വർഷത്തിൽ അഖിലേന്ത്യാ തലത്തിൽ രണ്ടാം സ്ഥാനം നേടിയ കേരള സംസ്ഥാനത്തിനുള്ള അവാർഡ് തുകയായ രണ്ടര കോടി രൂപയുടെ ചെക്ക് ചടങ്ങിൽ വച്ച് മുഖ്യമന്ത്രി പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീറിന് കൈമാറിക്കൊണ്ട്, "ഇത് അഭിമാന മുഹൂർത്തമാണെന്നും സ്ഥിരമായി കേരളം ഒന്നാം സ്ഥാനത്ത് എത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു." മികച്ച ജില്ലാ പഞ്ചായത്തിനുള്ള അവാർഡ് എറണാകുളം ജില്ലയ്ക്കും, ഇടുക്കി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തുകൾക്കും, അടാട്ട്, പുലാമന്തോൾ, തിരുവേഗപ്പുറ, ചെമ്പിലോട് ഗ്രാമപഞ്ചായത്തുകൾക്കും ലഭിച്ച അവാർഡ് തുകകളായ യഥാക്രമം 50 ലക്ഷം രൂപ, 25 ലക്ഷം രൂപ (2 പേർക്ക്) 11 ലക്ഷം രൂപ വീതം (2 പേർക്ക്) 5.5 ലക്ഷം രൂപ വീതം (2 പേർക്ക്) ഉള്ള ചെക്കു മുഖ്യമന്ത്രിയിൽ നിന്നും ബന്ധപ്പെട്ട പ്രസിഡന്റുമാർ ഏറ്റുവാങ്ങി. പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പു മന്ത്രി ഡോ.എം.കെ.മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി.ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.റ്റി.മാത്യു, സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, കേരള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ സെക്രട്ടറി എം.സി. മായിൻ ഹാജി, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്.ദിവാകരൻപിള്ള എന്നിവർ പങ്കെടുത്ത സമ്മേളനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി രാജൻ കോബ്രഗഡെ ഐ.എ.എസ് സ്വാഗതവും പഞ്ചായത്ത് ഡയറക്ടർ എ.സെയ്ദ് നന്ദിയും പറഞ്ഞു.

അവാർഡ് നിശ്ചയിക്കുമ്പോൾ പുതുമയുള്ള പദ്ധതികൾക്ക് പ്രത്യേക പരിഗണന വേണം

ഡോ. എം.കെ. മുനീർ

അഖിലേന്ത്യാ തലത്തിൽ സംസ്ഥാനങ്ങൾക്കു നൽകുന്ന പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ പുതുമയുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്ന തരത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ശുപാർശ ചെയ്യണമെന്ന് പഞ്ചായത്തു സാമൂഹ്യനീതി വകുപ്പു മന്ത്രി ഡോ.എം.കെ.മുനീർ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. രാജീവ്ഗാന്ധി പഞ്ചാത്ത് സശാക്തീകരൺ അഭിയാൻ അവാർഡ് വിതരണ യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മന്ത്രി. ഇത്തരം അവാർഡുകൾ എല്ലാവർഷവും പഞ്ചായത്തു ദിനാഘോഷമായ ഏപ്രിൽ 24ന് ന്യൂഡൽഹിയിൽ വച്ചാണ് സമ്മാനിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ വർഷം പാർലമെന്റ് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലിരുന്നതിനാൽ അതാതു സംസ്ഥാനങ്ങളിൽ വച്ചുതന്നെ വിതരണം ചെയ്യേണ്ടി വന്നു. ഇത് ഒരു ഭാഗ്യമായി കരുതുന്നതായി മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. കാരണം പ്രിയങ്കരനായ മുഖ്യമന്ത്രിയിൽ നിന്നും അവാർഡു വാങ്ങാൻ സാധിച്ചു എന്നുള്ളതു തന്നെ. പുതുമയുള്ള പദ്ധതികൾക്കു പ്രാമുഖ്യം ഉണ്ടാകുമ്പോൾ ഇപ്പോൾ കേരളത്തിന് ലഭിച്ച രണ്ടാം സ്ഥാനം എല്ലായ്പ്പോഴും ഒന്നാം സ്ഥാനമായി മാറുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. എല്ലാ തദ്ദേശസ്ഥാപനങ്ങളും മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനാൽ ഏറ്റവും നല്ലതു കണ്ടെത്താൻ വളരെ ബുദ്ധിമുട്ടി എന്നും അതു കാരണം രണ്ടാം സ്ഥാനത്തിന് അർഹമായ തുല്യ മാർക്കു രണ്ടു പഞ്ചായത്തുകൾ കരസ്ഥമാക്കിയതായും ഡോ.എം.കെ.മുനീർ പറഞ്ഞു. ◆

സ്ത്രീകൾക്ക് സംരക്ഷണ

കുടുംബശ്രീ ക്രൈം

ടി. ഷാഹുൽ ഹമീദ്
പ്രോഗ്രാം ഓഫീസർ
കുടുംബശ്രീ സംസ്ഥാനമിഷൻ

എന്ത് ചെയ്താലും സ്ത്രീകൾ ആരോടും പറയില്ല എന്ന ചിലരുടെ മനോഭാവം അസ്തമിക്കാൻ പോകുന്നു, കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തി സ്ത്രീകളുടെ കദന കണ്ണീരിന് അറുതിവരാൻ പോകുന്നു. അതിക്രമത്തിന് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും കുടുംബശ്രീ സൂക്ഷ്മ വലയത്തിൽ അകപ്പെടുത്തി നിയമപരമായ പരിരക്ഷ ഇരകൾക്കും ശക്തമായ ശിക്ഷ കുറ്റവാസനയിൽ ഏർപ്പെടുന്നവർക്ക് വാങ്ങിച്ചുകൊടുക്കുവാൻ കുടുംബശ്രീ പ്രവർത്തകർ കണ്ണിൽ എണ്ണയൊഴിച്ച് പ്രതിജ്ഞാബദ്ധരായി കാത്തിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു സംരക്ഷണം ലഭിക്കേണ്ടവരിൽ നിന്നുപോലും വിവിധങ്ങളായ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. പുകൾപെറ്റ സാംസ്ക്കാരിക ഔന്നത്യത്തിന്റെ ഉത്തുംഗതയിലുള്ള കേരളീയ സമൂഹത്തിന് ഭൂഷണമല്ല ഇത്.

വിവിധ ലോകരാജ്യങ്ങൾ കുറ്റകൃത്യം തടയുന്നതിനുള്ള ഒരു നൂതനമാർഗ്ഗമായി ക്രൈം മാപ്പിംഗ് സംവിധാനം ഉപയോഗിക്കുന്നു. കേരളത്തിലെ സ്ത്രീകൾക്ക് ആത്മാഭിമാനത്തിന്റെ പുത്തൻ വാതായനങ്ങൾ തുറന്ന് കൊടുത്ത കുടുംബശ്രീക്ക് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ വെറുംകയ്യോടെ നോക്കിനിൽക്കാൻ സാധിക്കുകയില്ല. സമൂഹ്യ ഇടപെടലോടെ പൂർണ്ണമായും കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ടിയുള്ള ഏറ്റവും വലിയ ചുവടുവെപ്പാണ് ക്രൈംമാപ്പിംഗ് സംവിധാനം. എവിടെയാണ് സ്ത്രീകൾ, കുട്ടികൾ ദുരിതമനുഭവിക്കുന്നത് സ്ഥിരമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥലങ്ങൾ എവിടെ? ഏത് രീതിയിലുള്ള കുറ്റകൃത്യങ്ങളാണ് നടത്തുന്നത്, ആരാണ് ചെയ്യുന്നത്, ഏത് മാർഗ്ഗം ഉപയോഗിച്ചാണ് ഇത്തരം കുറ്റവാസനകളെ തടയാൻ സാധിക്കുക, എന്ന കാര്യങ്ങൾ ക്രൈംമാപ്പിംഗിലൂടെ പരിശോധിക്കുവാൻ സാധിക്കുന്നതാണ്. പല പീഡനങ്ങളും ബുദ്ധിമുട്ടുകളും പുറത്തുപറയാൻ മടിക്കുന്ന പ്രത്യേക സാഹചര്യത്തിൽ ക്രൈംമാപ്പിംഗ് സാധ്യതയും, രക്ഷാകവചവുമാണ്. സ്ത്രീകളുടെ യാതനകളും വേദനകളും നന്നായി അറിയാവുന്ന കുടുംബശ്രീ പ്രത്യേക പരിശീലനം കൊടുത്ത റിസോഴ്സ്പേഴ്സൺസിന് മുമ്പിൽ യാതൊരു സങ്കോചവും ഭയവുമി

കവചം മാപ്പിംഗ്

ല്ലാതെ, മനുഷ്യത്വത്തിന് വിലകൽപ്പിക്കാത്തവരുടെ പൊയ്മുഖങ്ങൾ തുറന്ന് കാട്ടാൻ സാധിക്കുന്നതാണ്. സങ്കോചമില്ലാതെ ഹൃദയവേദന കൈമാറാനും പ്രത്യേക കളറിംഗിലൂടെ ഏത് പ്രദേശത്താണ് സ്ത്രീകളും കുട്ടികളും പ്രയാസമനുഭവിക്കുന്നത് എന്ന് ശാസ്ത്രീയമായി കണ്ടെത്തലിലൂടെ ഭരണാധികാരികളുടെ മുമ്പിൽ എത്തിക്കുവാൻ ക്രൈംമാപ്പിംഗിലൂടെ സാധിക്കുന്നതാണ്. 77 സിഡിഎസുകളിൽ നവീന ആശയമായ ക്രൈംമാപ്പിംഗ് ആരംഭിക്കുകയും സ്ത്രീകളിൽ നിന്ന് പ്രത്യേക രീതിയിലൂടെ അനുഭവങ്ങൾ നേരിട്ട് അറിയുകയും രഹസ്യസ്വഭാവം സൂക്ഷിച്ച് ഡാറ്റാഎൻട്രി നടത്തി പ്രത്യേകമായി കൈകാര്യം ചെയ്ത് മാപ്പിംഗ് പ്രവർത്തനം ചെയ്യുന്ന അന്തിമഘട്ടത്തിലാണ് കുടുംബശ്രീ. ഓരോ ജില്ലയിലും 5 സിഡിഎസുകളിലേയ്ക്ക് കൂടി ഈ പ്രവർത്തനം ഈ വർഷം വ്യപിപ്പിക്കുന്നതാണ് തുടർന്ന് കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും എതിരായുള്ള എല്ലാ അതിക്രമങ്ങളുടേയും നേർകാഴ്ച കേരളീയ സമൂഹത്തിന് ലഭിക്കുന്നതാണ്. 4000 പ്രത്യേക വൈഭവങ്ങളുള്ള കുടുംബശ്രീ പ്രവർത്തകർ ഈ പ്രവർത്തനത്തിന്റെ നേർമുഖത്ത് സദാ ജാഗരൂഗരായി നിലയുറപ്പിച്ചിരിക്കുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ 300% വളർച്ചയാണ് കേരളത്തിൽ രേഖപ്പെടുത്തുന്നത്. സുരക്ഷിതത്വം ഒരു മരീചികയായി മാറുന്നു, പ്രയാസരഹിതമായ ജീവിതം പകൽകിനാവായി ചില സ്ഥലങ്ങളിൽ മാറുന്നു, എന്ത് ചെയ്താലും സ്ത്രീകൾ ആരോടും പറയില്ല എന്ന ചിലരുടെ മനോഭാവം അസ്തമിക്കാൻ പോകുന്നു, കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തി സ്ത്രീകളുടെ കദന കണ്ണീരിന് അറുതിവരാൻ പോകുന്നു. അതിക്രമത്തിന് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും കുടുംബശ്രീ സൂക്ഷ്മവലയത്തിൽ അകപ്പെടുത്തി നിയമപരമായ പരിരക്ഷ ഇരകൾക്കും ശക്തമായ ശിക്ഷ കുറ്റവാസനയിൽ ഏർപ്പെടുന്നവർക്ക് വാങ്ങിച്ചുകൊടുക്കുവാൻ കുടുംബശ്രീ പ്രവർത്തകർ കണ്ണിൽ എണ്ണയൊഴിച്ച് പ്രതിജ്ഞാബദ്ധരായി കാത്തിരിക്കുന്നു.

രാജസ്ഥാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഗാർഹിക പീഢനങ്ങൾ അനുഭവിക്കേണ്ടിവരുന്നത് കേരളത്തിലെ സ്ത്രീകൾക്കാണ് തിരുവനന്തപുരം പട്ടണത്തിൽ ഇത്തരം പീഢനങ്ങൾ വർദ്ധിച്ച് വരുന്നു. കൂടുമ്പോൾ ഇമ്പം ഉണ്ടാക്കേണ്ട കുടുംബജീവിതത്തിനിടയിൽ സ്ത്രീകളുടെ നെഞ്ച് പിളർക്കുന്ന കരാളഹസ്തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങിടുവാൻ ക്രൈംമാപ്പിംഗ് സംവിധാനത്തിലൂടെ സാധിക്കുന്നതാണ്.

1993 ലെ ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലി പ്രഖ്യാപനം പ്രകാരം സ്ത്രീകൾക്കെതിരെ നടത്തുന്ന എല്ലാത്തരം അതിക്രമങ്ങളെയും ചെറുത്ത് തോൽപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം ജനിച്ചു

വീഴുന്നതിന് മുമ്പ് ഭ്രൂണഹത്യയിലൂടെ തുടങ്ങി ശൈശവ നാളുകളിൽ കൃത്യമായി ഭക്ഷണവും പരിചരണത്തിലും വിവേചനത്തിലൂടെ നീങ്ങി പഠനകാലത്ത് സഹപാഠികളിൽ നിന്നും, അദ്ധ്യാപകർ, അയൽപക്കകാർ എന്നിവരിൽ നിന്ന് വിവിധതരത്തിലുള്ള പീഢനങ്ങളിലൂടെ സഞ്ചരിച്ച്, വിവിധ സാഹചര്യത്തിൽ ഒന്നായി വൈവാഹിക ജീവിതത്തിനിടയിൽ പെരുമാറ്റ വൈകല്യങ്ങൾ നേരിടേണ്ടിവരുന്ന യൗവ്വന കാലത്തിലൂടെ ജീവിച്ച് ജീവിതത്തിന്റെ സായാഹ്നത്തിൽ വൃദ്ധസദനത്തിൽ അന്തിയുറങ്ങേണ്ടിവരുന്ന ജീവിതചക്രവാളത്തിലെ സിംഹഭാഗത്തും തന്റേതല്ലാത്ത കാരണത്താൽ അതിക്രമങ്ങളും, ഒറ്റപ്പെടുത്തലുകളും അവഹേളനങ്ങളും, അപമാനവും, മർദ്ദനവും അനുഭവിക്കേണ്ടിവരുന്ന ഹതഭാഗ്യവാൻമാരായ സ്ത്രീകളെ നമ്മുടെ ചുറ്റുപാടും കാണാൻ സാധിക്കുന്നതാണ്.

സ്ത്രീസാക്ഷരത 92%, തൊഴിലില്ലായ്മ 10% സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.9% ആയും ഉള്ള കേരളത്തിൽ സ്ത്രീകളുടെ പൊതുയിടങ്ങളിലെ പ്രവേശനത്തിന് വിഘാതമായി നിൽക്കുന്നത്, സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങളുടെ വർദ്ധിച്ച് വരുന്ന വളർച്ചയാണ്. ഈ സാഹചര്യം പരിഗണിച്ചാണ് ബഹു. ഹൈക്കോടതിയിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ബെഞ്ച് സ്ഥാപിച്ചിട്ടുള്ളത്. അയൽക്കൂട്ടാംഗങ്ങളായ സ്ത്രീകൾക്കും മറ്റ് പീഡനങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും പ്രത്യേക ഫോറം നൽകി വിവരം ശേഖരിക്കുവാൻ അയൽക്കൂട്ടതലത്തിൽ വോളണ്ടിയർമാരെ നിയമിച്ച് ശാരീരികമായ പീഡനങ്ങളെ ചുവപ്പ് കളറിലും, വാചികമായത് നീലനിറത്തിലും രേഖപ്പെടുത്തി ഓരോ പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ മാപ്പ് പ്രസിദ്ധീകരിച്ച് ശ്രദ്ധ ഗൗരവമായി പതിപ്പിക്കാൻ ആവശ്യമായ ഒരു സംവിധാനമാണ് കുടുംബശ്രീ അണിയിച്ചൊരുക്കുന്നത്. 2011 ൽ ആലപ്പുഴയിലെ മാരാരിക്കുളം പഞ്ചായത്തിൽ ആരംഭിച്ച് വിജയം കണ്ട ക്രൈമാപ്പിംഗ് സംവിധാനം, നിർഭയത്തോടെ ജീവിക്കാനുള്ള പ്രതലം ഒരുക്കുന്നു. നിർഭയ പദ്ധതിയ്ക്കുള്ള കുടുംബശ്രീ സംഭാവനയാണ് ക്രൈം മാപ്പിംഗ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം മനുഷ്യാവകാശത്തിനെതിരെയുള്ള കടന്ന് കയറ്റമായി നാം കാണണം. എവിടെയാണ് കേരളത്തിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുന്നത്, ആരാണ് അവരെ ബുദ്ധിമുട്ടിലാക്കുന്നത്, ഏത് തരത്തിലാണ് സ്ത്രീകളുടെ ജീവിതത്തിൽ കാർമേഘങ്ങൾ ഉണ്ടാകുന്നത്, ഏത് തരം പരിപ്രക്രിയ കൊണ്ടാണ് ഈ സാമൂഹ്യ പ്രശ്നം ഇല്ലാതാക്കാൻ സാധിക്കുക എന്നിങ്ങനെയുള്ള കാതലായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാണ് കുടുംബശ്രീ ക്രൈംമാപ്പിംഗ്. കുറ്റമറ്റ സംവിധാനത്തിലൂടെ സ്ത്രീകളുടെ ഹൃദയാന്തരങ്ങളിൽ നിന്ന് പ്രയാസങ്ങൾ നേരിട്ട് ഒപ്പിയെടുത്ത് പരിഹാരം നിർദ്ദേശിക്കുന്ന കേരള സർക്കാരിന്റെ സഹായത്തോടെയും കുടുംബശ്രീ പ്രസ്ഥാനത്തിന്റെ അമരക്കാരൻ ഡോ. എം.കെ. മുനീറിന്റെ ധിക്ഷണാപരമായ നേതൃത്വത്തിന്റെ കീഴിൽ കേരളത്തിലെ സ്ത്രീകൾക്കു കുട്ടികൾക്കും സംരക്ഷണ കവചം തീർക്കുന്ന ക്രൈം മാപ്പിംഗ് സംവിധാനം കേരളം മുഴുവനും വ്യാപരിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് കേരളത്തിന്റെ പരിച്ഛേദമായ കുടുംബശ്രീ പ്രസ്ഥാനം. ◆

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം മനുഷ്യാവകാശത്തിനെതിരെയുള്ള കടന്ന് കയറ്റമായി നാം കാണണം. എവിടെയാണ് കേരളത്തിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുന്നത്, ആരാണ് അവരെ ബുദ്ധിമുട്ടിലാക്കുന്നത്, ഏത് തരത്തിലാണ് സ്ത്രീകളുടെ ജീവിതത്തിൽ കാർമേഘങ്ങൾ ഉണ്ടാകുന്നത്, ഏത് തരം പരിപ്രക്രിയ കൊണ്ടാണ് ഈ സാമൂഹ്യ പ്രശ്നം ഇല്ലാതാക്കാൻ സാധിക്കുക എന്നിങ്ങനെയുള്ള കാതലായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാണ് കുടുംബശ്രീ ക്രൈംമാപ്പിംഗ്.

വാർത്തകളും വിശേഷങ്ങളും

സർക്കുലർ റദ്ദ് ചെയ്തു

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-08) 18-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 47 പ്രകാരം ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞ ശേഷം മാത്രമേ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളൂ എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഇതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നു 1.7.2013ൽ5248/എബി3/08/തസ്വഭവ നമ്പറായി പുറപ്പെടുവിച്ചിരുന്ന സർക്കുലർ റദ്ദു ചെയ്തു. ഉത്തരവ് നമ്പർ 20787/എബി3/13/തസ്വഭവ തീയതി 5/5/14.

വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിലെ വൃക്ക രോഗികൾക്ക് പ്രതിമാസ പെൻഷൻ 900/- രൂപ

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് പ്രതിമാസം 525/- രൂപയിൽ നിന്നും 1.4.2013 മുതൽ 900/- (തൊള്ളായിരം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(എം.എസ്) നം.54/2013/സാനീവ തീയതി, 01.072013.

പാലിയേറ്റീവ് പരിചരണം നഴ്സുമാർക്ക് വികസന ഫണ്ടിൽ നിന്നും വർഷം മുഴുവൻ ഹോണറേറിയം നൽകുന്നതിന് അനുമതി

21.05.2014ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഒരു പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് പരിചരണത്തിന് നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് വർഷം മുഴുവൻ വികസന ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.1406/2014/തസ്വഭവ. തീയതി, 05.06.2014.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് കെൽട്രോണിനേയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനേയും അംഗീകരിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനേയും (KELTRON) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനേയും, അനെർട്ട് (ANERT) എം.എൻ.ആർ.ഇ (MNRE) യുടെ പ്രത്യേക നിർദ്ദേശങ്ങൾ (സ്പെസിഫിക്കേഷൻ) പാലിച്ചുകൊണ്ടായിരിക്കണം സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.1384/2014/തസ്വഭവ തീയതി, 03.06.2014

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാൻമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ അപ്പീൽ അധികാരിയായും നിയമിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള 17 ഓംബുഡ്സ്മാൻമാരുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി ഓംബുഡ്സ്മാൻമാരേയും അപ്പീൽ അധികാരിയായി സെക്രട്ടറിയേറ്റിലെ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയേയും നിയമിച്ച് ഉത്തരവായി. സ.ഉ.(സാധാ).1153/14/തസ്വഭവ തീയതി, 22.05.2014

അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് വേണ്ടി രൂപീകരിച്ച ജില്ലാതല വിജിലൻസ് സ്ക്വാഡ് സർക്കാർ നോമിനിയെ നിശ്ചയിച്ചു

കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 157-ാം ചട്ടം പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് വേണ്ടി ജില്ലാ ടൗൺ പ്ലാനർ കൺവീനറായി ജില്ലാതല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ജില്ലാ വിജിലൻസ് സ്ക്വാഡിന്റെ സർക്കാർ നോമിനിയായി അതാത് ജില്ലയിലെ തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിശ്ചയിച്ച് ഉത്തരവായി. സ.ഉ.(സാധാ).1231/2014/തസ്വഭവ തീയതി, 20.05.2014

വാർത്തകളും വിശേഷങ്ങളും

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2013-14ലെ വരവു ചെലവുകൾ സ്പഷ്ടീകരണം

MGNREGS വഴിയുള്ള പണമിടപാടുകൾ നേരിട്ട് ഗ്രാമ പഞ്ചായത്തുകൾ നടത്തുന്നില്ലെങ്കിലും ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും പഞ്ചായത്തുകൾ തന്നെയാണ് സൂക്ഷിക്കുന്നത്. ഫണ്ട് ട്രാൻസ്ഫറിന് ആവശ്യമായ റിക്വസ്റ്റ് തയ്യാറാക്കുന്നതും പഞ്ചായത്തുകൾ തന്നെയാണ്. ആയതിനാൽ ഈ ഇനത്തിലുള്ള വരവു ചെലവു കണക്കുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2013-14ൽ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് നടത്തിയ ഇടപാടുകൾ ഇതിനോടകം സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടാകും. ഇതോടൊപ്പം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇഎഫ്എംഎസ്) വഴി നടത്തിയ ഇടപാടുകളും സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി 31.03.2014 വരെ നൽകിയ ഫണ്ട് ട്രാൻസ്ഫർ ഓർഡർ (എഫ്ടിഒ) സമ്മതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുത്ത് ഈ സാംഖ്യയ്ക്ക് '251300801' എന്ന ഹെഡ്ഡിംഗ് ഡെബിറ്റും '160100601' എന്ന ഹെഡ്ഡിന് ക്രഡിറ്റും നൽകി ഒരു ജേണൽ എൻട്രി നൽകി പ്രസ്തുത കണക്ക് ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. (സർക്കുലർ നമ്പർ 31620/എഎ1/2014 തീയതി 24.5.14)

മിഷൻ 676
കേരളം കുതിക്കുന്നു ലോകത്തോടൊപ്പം

പഞ്ചായത്ത് വകുപ്പ് - പദ്ധതികൾ

- തരിശുനില പച്ചക്കറി കൃഷി
- തേർഡ് ജെൻഡർ സർവ്വേ
- എല്ലാ പഞ്ചായത്തുകളിലും ഖരമാലിന്യസംസ്കരണ പദ്ധതി
- മാതൃകാ അറവുശാലകൾ
- 32 പഞ്ചായത്തുകൾ - മാതൃകാ ശുചിത്വ ഗ്രാമം
- മാതൃകാ ഗ്യാസ് ശ്മശാനം
- ഇന്റർനെറ്റ് അധിഷ്ഠിത ഓഫീസ് സമ്പ്രദായം
- ഇ-പേയ്മെന്റ്-നികുതികൾ, യൂട്ടിലിറ്റി സർവ്വീസുകൾ
- എം-ഗവേർണൻസ്
- ഡിജിറ്റൽ സിഗ്നേച്ചർ പഞ്ചായത്തുകളിൽ വ്യാപകമാക്കും
- ട്രൈബൽ മൈക്രോലെവൽ പ്ലാനിംഗ്
- ക്രൈം മാപ്പിംഗ് - എല്ലാ പഞ്ചായത്തുകളിലും
- ഇ-ടെൻഡറിംഗ്
- TISS മായി സഹകരിച്ച കമ്മ്യൂണിറ്റി കോളേജ്
- കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷനും, ഇൻഷുറൻസും
- അഞ്ച് മാതൃകാ ഗ്രാമപഞ്ചായത്തുകൾ വീതം ഓരോ ജില്ലയിലും
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ
- എല്ലാ പഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ
- 100 പഞ്ചായത്തുകളിൽ ആശ്രയ പ്ലസ്
- സമ്പൂർണ്ണ ക്യാൻസർ ഇൻഷുറൻസ് - എല്ലാ പഞ്ചായത്തുകളിലും
- വിമൺ ലേബർ ബാങ്ക്
- ഇ.എം.എസ്. ഭവനപദ്ധതി പൂർത്തീകരണം
- ICODD-II 2015 ജനുവരിയിൽ
- ടെറസ് ഫാമിംഗ് വ്യാപകമാക്കും
- കില - യൂണിവേഴ്സിറ്റിയായി ഉയർത്തും

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

www.promptec.in

promptec™
LED Lights
Saves Power, Light forever

Leading Manufacturers of LED Lights
LED Lighting Systems & Accessories

Completed India's Largest LED Lighting Project,
Lighting up 5 Corporations, 60 Municipalities and Panchayats in Kerala.

Specialized in manufacturing LED Street Lights varying from 5W to 150W

Promptec LED lights help you :

| Save Energy | Enjoy Crystal Clear Visibility | Protect Environment - Mercury Free | No Maintenance Headaches |

Industry leading product Certifications from

UL | CPRI | RoHS | TUV NORD ISO 9001:2008 | Ministry of New & Renewable Energy Govt. of India | NSIC ISO 9001 : 2008 NSIC Certified

Manufactured & Marketed by:

PROMPTEC RENEWABLE ENERGY SOLUTIONS PVT LTD.

(An ISO 9001-2008 Certified Company)

Head Office & Works
'Shibra Farms', Nagasandra Main Road,
Near 8th Mile, Tumkur Road,
Bangalore - 560 073. Karnataka, India

Sales Depot
1/153 Thalore, Old NH47,
Nenmanikara Gramapanchayat,
Thrissur, Kerala, India - 680 306
Enquiries : +91 98468 81939

Ph :080-28390897 / +91 9686198166 / 67 | Fax : 080 28390889 Email: sales@promptec.in
We solicit Dealer / Representatives enquiries to supply our products in Kerala.

PANCHAYATRAJ (Monthly) **June** 2014
Annual Subscription ₹120/-, Published on 20th **June** 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈററുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ
ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed